# കേരള സർക്കാർ

## പൊതുവിദ്യാഭ്യാസ വകുപ്പ്

# കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്
# മേയ് – 2025

**സർവ്വീസിലുള്ള അദ്ധ്യാപകർക്കായുള്ള**
**പ്രത്യേക വിജ്ഞാപനം**

*സ.ഉ.(കൈ)നം. 133/2024/പൊ.വി.വ. തീയതി: 05/11/2024*

**പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര,**
**തിരുവനന്തപുരം–12**

ഇ.എക്സ്/സി.ജി.എൽ(2)/46634/2024/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം.
തീയതി : 03/04/2025

# വിജ്ഞാപനം

വിഷയം: കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് – മേയ് 2025 – സർവ്വീസിലുള്ള അദ്ധ്യാപകർക്കായുള്ള പ്രത്യേക വിജ്ഞാപനം – സംബന്ധിച്ച്.

സൂചന : 1. 01–03–2012–ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 70/2012/പൊ.വി.വ

2. 25–06–2012–ലെ ജി.ഒ.(എം.എസ്) നമ്പർ 205/2012 പൊ.വി.വ

3. 15–03–2017–ലെ ജി.ഒ (എം.എസ്) നമ്പർ 18/2017/പൊ.വി.വ

4. 13–06–2017–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 48/2017/പൊ.വി.വ

5. 24–04–2018–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 44/2018/പൊ.വി.വ

6. 04.12.2018 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 172/2018/പൊ.വി.വ

7. 09.10.2020–ലെ സർക്കാർ ഉത്തരവ്(അച്ചടി)നം.15/2020/പൊ.വി.വ.

8. 07.10.2020–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2020/പൊ.വി.വ.

9. 24.06.2022–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 110/2022/പൊ.വി.വ.

10. 24.06.2022–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 109/2022/പൊ.വി.വ

11. 23.11.2022–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 215/2022/പൊ.വി.വ.

12. 01.12.2022–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 7535/2022/പൊ.വി.വ.

13. 05/11/2024–ലെ സർക്കാർ ഉത്തരവ്(കൈ) നം.133/2024/പൊ.വി.വ.

14. 26/07/2023 ലെ ജെ.ആർ 1/301/2023/പൊ.വി.വ. നമ്പർ കത്ത്.

2009–ലെ വിദ്യാഭ്യാസ അവകാശ നിയമം (ആർ.ടി.ഇ.ആക്ട്) അധ്യാപകരുടെ നിയമനകാര്യത്തിൽ നിലവാരം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അധ്യാപകരായി നിയമിക്കപ്പെടുന്ന വ്യക്തികൾക്ക് അധ്യയനത്തിന്റെ എല്ലാ നിലയിലുമുള്ള വെല്ലുവിളികളെ സമർത്ഥമായി നേരിടുവാനുള്ള അത്യാവശ്യ അഭിരുചിയും കഴിവും ഉണ്ടാകേണ്ടതുണ്ട്. കേരളത്തിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ അധ്യാപകരായി നിയമിക്കപ്പെടാനുള്ള നിലവാരം നിർണ്ണയിക്കുന്നതിനായി നടത്തപ്പെടുന്ന യോഗ്യതാ പരീക്ഷയാണ് കെ–ടെറ്റ്.

| | | |
|---|---|---|
| വിഭാഗം **I Category I** | – | ലോവർ പ്രൈമറി ക്ലാസ്സുകൾ |
| വിഭാഗം **II Category II** | – | അപ്പർ പ്രൈമറി ക്ലാസ്സുകൾ |
| വിഭാഗം **III Category III** | – | ഹൈസ്കൂൾ ക്ലാസ്സുകൾ |
| വിഭാഗം **IV Category IV** | – | ഭാഷാ അധ്യാപകർ– അറബി, ഹിന്ദി, സംസ്കൃതം, ഉറുദു– യു.പി തലം വരെ<br>സ്പെഷ്യലിസ്റ്റ് അധ്യാപകർ (ആർട്ട് & ക്രാഫ്റ്റ്, കായിക അധ്യാപകർ) |

എന്നിങ്ങനെ നാല് വിഭാഗങ്ങളിലാണ് പരീക്ഷ നടത്തുന്നത്.

**I.** 09–03–18–ലെ 1866829/ജെ–3/17/പൊ.വി.വ നമ്പർ സർക്കാർ പരിപത്രം അനുസരിച്ച്

1. **C-TET** പ്രൈമറി സ്റ്റേജ് പാസായവരെ കെ–ടെറ്റ് കാറ്റഗറി–**I** ൽ നിന്നും **C-TET elementary stage** പാസായവരെ കെ–ടെറ്റ് കാറ്റഗറി **II** ൽ നിന്നും ഒഴിവാക്കാവുന്നതാണ്
2. **NET, SET, M.Phil, PhD, M.Ed** എന്നീ യോഗ്യതകൾ നേടിയവരെ കെ–ടെറ്റ് കാറ്റഗറി– **I** മുതൽ **IV** വരെ നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്. സൂചന 7 സർക്കാർ ഉത്തരവ് പ്രകാരം **M.Ed** ബന്ധപ്പെട്ട വിഷയത്തിൽ ആയിരിക്കണമെന്ന് നിബന്ധനയില്ല.
3. കെ–ടെറ്റ് കാറ്റഗറി– **III** വിജയിച്ചവരെ കാറ്റഗറി–**II** നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്ന താണ്.
4. കെ–ടെറ്റ് കാറ്റഗറി– **I, II** എന്നിവയിൽ ഏതെങ്കിലും ഒന്ന് വിജയിച്ചവരെ എൽ.പി., യു.പി അധ്യാപക നിയമനങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

**II.** 24/6/2022 ലെ സർക്കാർ ഉത്തരവ് (കൈ) നം. 110/2022/പൊ.വി.വ. പ്രകാരം 01/04/2012 ന് മുൻപ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടുകയോ പ്രസ്തുത കോഴ്സുകൾക്ക് പ്രവേശനം നേടുകയോ ചെയ്തവർക്ക് വിദ്യാഭ്യാസ യോഗ്യതയിലെ മിനിമം മാർക്ക് എന്ന വ്യവസ്ഥയ്ക്ക് ഇളവ് നൽകിയിട്ടുണ്ട്.

**III.** 24.06.2022–ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 109/2022/പൊ.വി.വ ഉത്തരവ് പ്രകാരം കാറ്റഗറി **III** വിജയിച്ച ഭാഷാധ്യാപകരെ കാറ്റഗറി **IV** നേടുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

കെ–ടെറ്റ് പരീക്ഷാനടത്തിപ്പിന്റെ ചുമതല കേരളാ പരീക്ഷാഭവനാണ്. പരീക്ഷയെ സംബന്ധിക്കുന്ന വിജ്ഞാപനം പരീക്ഷാഭവന്റെ വെബ്സൈറ്റായ **https://ktet.kerala.gov.in**, **https://pareekshabhavan.kerala.gov.in** കൂടാതെ എസ്.സി.ഇ.ആർ.ടി–യുടെ വെബ്സൈറ്റായ **www.scert.kerala.gov.in** ലും ലഭ്യമാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിന് മുൻപായി അപേക്ഷകർ കർശനമായും വിജ്ഞാപനം വായിച്ച് മനസ്സിലാക്കിയിരിക്കണം. വിജ്ഞാപനം വായിക്കാത്തത് മൂലം പരീക്ഷാർത്ഥികൾ വരുത്തുന്ന പിഴവുകൾക്ക് പരീക്ഷാഭവൻ ഉത്തരവാദിയായിരിക്കില്ല.

ഓരോ വിഭാഗത്തിലും അപേക്ഷിക്കുവാനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ വിശദമായി വിജ്ഞാപനത്തിൽ നൽകിയിട്ടുണ്ട്.

സർവ്വീസിലുള്ള അദ്ധ്യാപകർക്ക് മാത്രമായുള്ള പ്രത്യേക പരീക്ഷ ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിനും ഭിന്നശേഷിയുള്ളവർക്കും അപേക്ഷാഫീസ് 750/– (എഴുനൂറ്റി അമ്പത് രൂപ മാത്രം) രൂപയും മറ്റുള്ളവർക്ക് 1000/– (ആയിരം രൂപ മാത്രം) രൂപയും ആയിരിക്കും.

ഓൺലൈനായി മാത്രമേ അപേക്ഷകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. അപേക്ഷയുടെ പ്രിന്റൗട്ട്, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ പരീക്ഷാഭവനിലേക്ക് അയയ്ക്കേണ്ടതില്ല.

അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ അപേക്ഷ **"confirm"** ചെയ്യുന്നതിന് മുമ്പായി ശരിയാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ വരുത്തേണ്ടതുമാണ്. അപേക്ഷ **"confirm"** ചെയ്തതിനുശേഷം യാതൊരുവിധ തിരുത്തലുകളും വരുത്തുവാൻ സാധ്യമല്ല. അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾക്കനുസൃതമായി മാത്രമേ ഹാൾടിക്കറ്റുകൾ ലഭിക്കുകയുള്ളൂ. അപേക്ഷയുടെ സമർപ്പണം, ഫീസ് ഒടുക്കൽ എന്നിവയുടെ വിശദാംശങ്ങൾ വിജ്ഞാപനത്തിന്റ 18,19 എന്നീ പേജുകളിൽ ലഭ്യമാണ്. അപേക്ഷകർക്ക് അവർ പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ ജില്ല (DEO) അപേക്ഷാ സമയത്ത് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ഒരു റവന്യൂ ജില്ലയിൽ ഒരു പരീക്ഷാ കേന്ദ്രം മാത്രമേ അനുവദിക്കുകയുള്ളു. അപേക്ഷകർക്ക് തങ്ങൾ തിരഞ്ഞെടുത്ത വിദ്യാഭ്യാസ ജില്ല (DEO) ഉൾപ്പെടുന്ന റവന്യൂ ജില്ലയിൽ പരീക്ഷാ കേന്ദ്രം അനുവദിക്കുന്നതാണ്.

പരീക്ഷാഭവൻ അനുവദിക്കുന്ന പരീക്ഷാ കേന്ദ്രത്തിന്റെ പേര് ഹാൾടിക്കറ്റിലൂടെ അറിയിക്കും.

| അപേക്ഷാസമർപ്പണം സംബന്ധിച്ച തീയതികൾ | |
|---|---|
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 10/04/2025 |
| ഓൺലൈനായി അപേക്ഷിക്കുന്നതിനും ഫീസടയ്ക്കുന്നതിനുള്ള അവസാന തീയതി | 19/04/2025 |
| അപേക്ഷയുടെ ഫൈനൽ പ്രിന്റ് എടുക്കുന്നതിനുള്ള അവസാന തീയതി | 19/04/2025 |
| അപേക്ഷകർ വെരിഫിക്കേഷനായി ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഹാജരാകേണ്ട തീയതി | 23/04/2025 മുതൽ 30/04/2025 വരെ |
| വെബ്സൈറ്റിൽ ഹാൾടിക്കറ്റ് ലഭ്യമാകുന്ന തീയതി | 20/05/2025 |

## പരീക്ഷാ ടൈംടേബിൾ

| വിഭാഗം | തീയതി | ദിവസം | സമയം | ദൈർഘ്യം |
|---|---|---|---|---|
| കാറ്റഗറി–1 | 29/05/2025 | വ്യാഴം | 10.00 am -12.30 pm | 2 1/2 മണിക്കൂർ |
| കാറ്റഗറി–2 | 29/05/2025 | വ്യാഴം | 2.00 pm - 4.30 pm | 2 1/2 മണിക്കൂർ |
| കാറ്റഗറി–3 | 30/05/2025 | വെള്ളി | 10.00 am -12.30 pm | 2 1/2 മണിക്കൂർ |
| കാറ്റഗറി–4 | 30/05/2025 | വെള്ളി | 2.00 pm - 4.30 pm | 2 1/2 മണിക്കൂർ |

പരീക്ഷാ കമ്മീഷണർ

## കെ.ടെറ്റ് അപേക്ഷ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

1. 05/11/2024–ലെ സർക്കാർ ഉത്തരവ് (കൈ) നം.133/2024/പൊ.വി.വ. പ്രകാരം നിശ്ചിത കാറ്റഗറിയിൽ ആവശ്യമായ കെ-ടെറ്റ് യോഗ്യത ഇല്ലാതെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ തുടരുന്ന അദ്ധ്യാപകർക്ക് മാത്രമായി നടത്തുന്ന കെ–ടെറ്റ് പരീക്ഷ ആയതിനാൽ ഒരു പരീക്ഷാർത്ഥിക്ക് ഒരു കാറ്റഗറിക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.
2. അപേക്ഷ ഓൺലൈനായി മാത്രം സമർമിപ്പിക്കുക.
3. അപേക്ഷാർത്ഥിയുടെ പേര്, ജനനതീയതി, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, കാസ്റ്റ്, കാറ്റഗറി, ഭിന്നശേഷി സംവരണം മുതലായ എല്ലാ വിവരങ്ങളും കൃത്യമായി തെറ്റുകൂടാതെ രേഖപ്പെടുത്തേണ്ടതാണ്.
4. അപേക്ഷ സമർപ്പിക്കുന്നതിനായി ഫോട്ടോ ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് ഉപയോഗിക്കാവുന്നതാണ്.

- **<u>ഫോട്ടോയിൽ പരീക്ഷാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും രേഖപ്പെടുത്തേണ്ടതില്ല.</u>**
- ഫോട്ടോയിൽ **KPSC,** മറ്റു സീലുകൾ എന്നിവ രേഖപ്പെടുത്താൻ പാടില്ല.
- ഫോട്ടോയുടെ **Background plane** ആയിരിക്കണം.
- ഫോട്ടോ വ്യക്തമായിരിക്കണം.
- സെൽഫി പാടില്ല.
- പുതിയ ഫോട്ടോ മാത്രം അപ്‌ലോഡ് ചെയ്യാൻ അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

5. അപേക്ഷ സമർപ്പിക്കുമ്പോൾ സർവ്വീസിലുള്ള അദ്ധ്യാപകർ PEN നമ്പർ രേഖപ്പെടുത്തേണ്ടതാണ്. PEN നമ്പർ ലഭ്യമല്ലാത്ത അദ്ധ്യാപകർ വിജ്ഞാപനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് നമ്പർ നിർബന്ധമായും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകർ എല്ലാവരും തന്നെ വിജ്ഞാപനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹെഡ് മാസ്റ്റർ (ഗവ. സ്കൂൾ) /മാനേജർ ( എയ്ഡഡ് സ്കൂൾ) എന്നിവരിൽ നിന്നും വാങ്ങി സൂക്ഷിക്കുകയും വെരിഫിക്കേഷൻ സമയത്ത് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.
6. അപേക്ഷ സമർപ്പിക്കുമ്പോൾ വെബ്സൈറ്റിൽ നിന്നും നിർബന്ധമായും ഒരു ഐഡിന്റിറ്റി കാർഡ് സെലക്ട് ചെയ്ത് ആയതിന്റെ നമ്പർ രേഖപ്പെടുത്തേണ്ടതും പ്രസ്തുത ഐ.ഡി. കാർഡിന്റെ അസ്സൽ പരീക്ഷാ ഹാളിൽ ഇൻവിജിലേറ്റർക്ക് പരിശോധനയ്ക്കായി നൽകേണ്ടതും ഐ.ഡി. കാർഡ് ഹാജരാക്കാത്തവരെ പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതുമല്ല.
7. അപേക്ഷയിലെ വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയശേഷം മാത്രം ഫൈനൽ കൺഫർമേഷൻ നൽകുക.
8. പരീക്ഷാ ഫീസ് ഓൺലൈൻ മുഖാന്തിരം എസ്.ബി.ഐ. ഇ–പേയ്മെന്റ് വഴി ഒടുക്കാവുന്നതും ഫൈനൽ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്.
9. ആപ്ലിക്കേഷൻ നമ്പർ, ആപ്ലിക്കേഷൻ ഐ.ഡി. എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും തുടർന്ന് വരുന്ന പ്രൊഫൈൽ സേവനങ്ങൾക്ക് ആയത് ആവശ്യമുള്ളതുമാണ്.
10. ഫീസ് സംബന്ധിച്ചുള്ള പരാതികൾക്ക് അവരവരുടെ മാതൃബാങ്കുമായി ബന്ധപ്പെട്ട് പരിഹരിക്കാവുന്നതാണ്.

**നോട്ട്**

**05/11/2024 ലെ സ.ഉ.(കൈ)നം.133/2024/പൊ.വി.വ.നമ്പർ സർക്കാർ ഉത്തരവിൽ സൂചിപിച്ച പ്രകാരമുളള അദ്ധ്യാപകർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**സർവ്വീസിലുള്ള അധ്യാപകർക്കായുള്ള പ്രത്യേക വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിനുള്ള യോഗ്യത :**

**20/07/2011 ന് ശേഷം പുറപ്പെടുവിച്ചിട്ടുള്ള പി.എസ്.സി വിജ്ഞാപന പ്രകാരം കെ.ടെറ്റ് യോഗ്യത ഇല്ലാതെ നിയമിതരായ സർക്കാർ സ്കൂൾ അദ്ധ്യാപകരിലും, 01/06/2012 മുതൽ 2019 – 2020 അധ്യായന വർഷം വരെ കെ–ടെറ്റ് ഇല്ലാതെ നിയമിതരായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരിലും കെ–ടെറ്റ് യോഗ്യത നേടാതെ ഇനിയും സർവ്വീസിൽ തുടരുന്നവർ അപേക്ഷിക്കേണ്ടതാണ്. (05/11/2024–ലെ സ.ഉ (കൈ) നം.133/2024/ പൊ.വി.വ.നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം).**

**അപേക്ഷകർ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൻ പ്രകാരം പരീക്ഷ എഴുതുന്നതിന് യോഗ്യരാണോ എന്ന വിവരം അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്. ആയതിലേയ്ക്കായി അപേക്ഷകർ വിജ്ഞാപനത്തിൽ സൂചിപിച്ചിട്ടുള്ള തീയതിയിൽ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഹാജരാകേണ്ടതാണ്. സർവ്വീസിലുള്ള അദ്ധ്യാപകർക്ക് മാത്രമായുള്ള പ്രത്യേക വിജ്ഞാപനം ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ നടത്തുന്ന പരിശോധനയ്ക്കായി നിശ്ചിത തീയതിക്കുള്ളിൽ ഹാജരാകാത്തവർക്കും, മേൽ സൂചിപിച്ച 05/11/2024–ലെ സ.ഉ (കൈ) നം.133/2024/ പൊ.വി.വ.നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരമുള്ള വിഭാഗം അദ്ധ്യാപകരിൽ ഉൾപ്പെടാത്തവർക്കും ഹാൾടിക്കറ്റ് അനുവദിക്കുന്നതല്ല.**

# കെ–ടെറ്റ് മേയ് 2025

## വിജ്ഞാപനം


| | | | |
|---|---|---|---|
| 1. | ആമുഖം | – | 8 |
| 2. | കെ–ടെറ്റ് പരീക്ഷയുടെ സാധുത | – | 9 |
| 3. | സിലബസ് | – | 9 |
| 4. | പരീക്ഷയുടെ ഘടന, ഉള്ളടക്കം, സ്കീം, വേണ്ട യോഗ്യത | – | 9 |
| 5. | യോഗ്യത നേടുന്നതിനുള്ള മാർക്ക് | – | 18 |
| 6. | പ്രായപരിധി | – | 18 |
| 7. | പരീക്ഷാ ഷെഡ്യൂൾ | – | 18 |
| 8. | ചോദ്യപേപ്പർ ഭാഷയും മാധ്യമവും | – | 18 |
| 9. | പരീക്ഷാ കേന്ദ്രങ്ങൾ | – | 18 |
| 10. | പരീക്ഷാഫീസ് | – | 19 |
| 11. | അപേക്ഷ സമർപ്പണരീതി | – | 19 |
| 12. | ഹാൾടിക്കറ്റ് (പ്രവേശന പത്രിക) | – | 24 |
| 13. | പരീക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ | – | 24 |
| 14. | ചോദ്യപുസ്തകവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ | – | 25 |
| 15. | ഉത്തരക്കടലാസ് (OMR) സംബന്ധിച്ച നിർദ്ദേശങ്ങൾ | – | 25 |
| 16. | OMR അസാധുവാകുന്നതിനുള്ള കാരണങ്ങൾ | – | 26 |
| 17. | മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും | – | 27 |
| 18. | സ്ക്രൈബിനെ ആവശ്യമുള്ള അപേക്ഷകർ | – | 28 |
| 19. | പൊതുനിർദ്ദേശങ്ങൾ | – | 29 |
| 20. | സർട്ടിഫിക്കറ്റ് വിതരണം | – | 30 |
| 21. | പ്രത്യേക വ്യവസ്ഥകൾ | – | 30 |
| 22. | വ്യാഖ്യാനം | – | 31 |
| 23. | ന്യായാധികാരം | – | 31 |
| 24. | സഹായ കേന്ദ്രം (ഹെൽപ്പ് ഡെസ്ക്) | – | 31 |

# ആമുഖം

2009–ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് നടപ്പിലാക്കുന്നതിന് രാജ്യത്തുടനീളം ഗുണനിലവാരമുള്ള അനേകം അധ്യാപകരെ സമയബന്ധിതമായി നിയമിക്കേണ്ടതുണ്ട്. നിയമിക്കപ്പെടുന്ന അധ്യാപകരുടെ ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് ഈ നിയമം സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കുന്നു. അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് അദ്ധ്യാപന പ്രക്രിയയിലെ വെല്ലുവിളികളെ നേരിടാൻ അവശ്യം വേണ്ട അഭിരുചികളും ശേഷികളും ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

RTE ആക്ടിന്റെ 23–ാം വകുപ്പിലെ ഉപവകുപ്പ് (1)–ലെ വ്യവസ്ഥകൾ അനുസരിച്ച് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) 2010 ആഗസ്റ്റ് 23–ന് പുറപ്പെടുവിച്ച വിജ്ഞാപനം, 1 മുതൽ 8 വരെ ക്ലാസ്സുകളിലെ അദ്ധ്യാപകരാകാൻ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് ആവശ്യയോഗ്യതയാണെന്ന് നിഷ്കർഷിക്കുന്നു. സംസ്ഥാന സർക്കാർ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് 10–ാം ക്ലാസ്സ് വരെയുള്ള അധ്യാപക നിയമനത്തിന് ബാധകമാക്കി.

ആർ.ടി.ഇ. ആക്ടിലെ സെക്ഷൻ 20 ഉപവാക്യം (എൻ)–ൽ ഉൾപ്പെടുത്തിയിരിക്കുന്ന വിദ്യാലയങ്ങളിൽ അധ്യാപകരാകുന്നതിന് NCTE മാനദണ്ഡങ്ങൾക്കനുസരിച്ച് സർക്കാർ നടത്തുന്ന ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് അനിവാര്യയോഗ്യതയായി കണക്കാക്കുന്നു.

അതനുസരിച്ച് ടീച്ചർ എലിജിബിലിറ്റി ടെസ്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 01–03–2012–ൽ ജി.ഒ (പി) നമ്പർ 70/12/പൊ.വി.വ എന്ന ഉത്തരവും 25–06–2012–ൽ ജി.ഒ. (എം.എസ്) നമ്പർ 205/12/പൊ.വി.വ എന്ന ഉത്തരവും കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഇത്തരത്തിൽ കേരള സർക്കാർ നടത്തുന്ന അധ്യാപക യോഗ്യതാ പരീക്ഷ കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ–ടെറ്റ് ) എന്നറിയപ്പെടുന്നു.

അധ്യാപക യോഗ്യതാനിർണ്ണയ പരീക്ഷയെ അധ്യാപകരാകാനുള്ള അടിസ്ഥാന യോഗ്യതയായി ഉൾപ്പെടുത്തിയതിലെ ഔചിത്യം ചുവടെ ചേർക്കുന്നു.

1. അധ്യാപക നിയമനത്തിൽ ദേശീയ നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്താൻ സാധിക്കും.
2. അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയിലെ വിദ്യാർത്ഥികളും അവരുടെ പ്രവർത്തന നിലവാരം വർദ്ധിപ്പിക്കാൻ ശ്രമിക്കും.
3. അധ്യാപക നിലവാരം ഉറപ്പ് വരുത്തുന്നതിൽ സർക്കാർ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നുണ്ടെന്ന സന്ദേശം എല്ലാവരിലും എത്തിക്കാൻ കഴിയും.

അധ്യാപനത്തിന്റെ എല്ലാ മേഖലകളിലുമുള്ള വെല്ലുവിളികളെ നേരിടുന്നതിനുള്ള കഴിവും അഭിരുചിയും ഉള്ളവരാണ് അധ്യാപകർ എന്ന് ഉറപ്പുവരുത്തുന്നതിന് ഈ പരീക്ഷ സഹായകമാകും.

കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുള്ള എല്ലാ വിദ്യാലയങ്ങളിലും അധ്യാപകരാകാൻ കെ–ടെറ്റ് യോഗ്യതാപരീക്ഷ വിജയിക്കേണ്ടതാണ്.

കേരള സർക്കാർ/പൊതുവിദ്യാഭ്യാസ വകുപ്പ്/ദേശീയ അധ്യാപക വിദ്യാഭ്യാസ സമിതി എന്നിവർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി രൂപം നൽകിയ മാനദണ്ഡങ്ങൾക്കനുസരിച്ച് കേരളത്തിൽ ഈ പരീക്ഷ നടത്തുന്നത് കേരള പരീക്ഷാഭവൻ ആണ്.

## 2. കെ–ടെറ്റിന്റെ സാധുത

കേരള സംസ്ഥാനത്തെ വിവിധ മേഖലകളിലെ അധ്യാപകർക്കായുള്ള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായും 2009–ലെ ആർ.ടി.ഇ. ആക്ട് അനുസരിച്ചും എൻ.സി.റ്റി.ഇ–യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും കെ–ടെറ്റ് ചുവടെ ചേർത്തിട്ടുള്ള സ്കൂളുകൾക്ക് ബാധകമാക്കിയിരിക്കുന്നു.

i). 2009–ലെ ആർ.ടി.ഇ. ആക്ടിന്റെ സെക്ഷൻ 2–ലെ ഉപാധി എൻ–ന്റെ ഖണ്ഡിക (i) ലും സർവ്വീസ് ചട്ടങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന സംസ്ഥാന സർക്കാർ/പ്രാദേശിക സർക്കാർ സ്കൂളുകൾ.

ii) ആർ.ടി.ഇ ആക്ടിലെ ഉപാധി എൻ –ന്റെ ഉപഖണ്ഡിക ii –ൽ ഉൾപ്പെട്ട സ്കൂളുകൾ.

iii) പ്രത്യേക വിഭാഗത്തിൽപ്പെട്ട സ്കൂളുകൾ.

ആർ.ടി.ഇ. ആക്ടിന്റെ 2–ാം വകുപ്പിലെ ഉപഖണ്ഡിക iv –ൽ പ്രതിപാദിച്ചിരിക്കുന്ന പ്രാഥമിക വിദ്യാലയങ്ങളിൽ കെ–ടെറ്റ് അല്ലെങ്കിൽ കേന്ദ്ര സർക്കാർ നടത്തുന്ന അധ്യാപക യോഗ്യതാ പരീക്ഷ ഇവയിലേതെങ്കിലും യോഗ്യതയായി കണക്കാക്കാവുന്നതാണ്. കേരളത്തിൽ കെ–ടെറ്റ് ഹൈസ്കൂൾ തലംവരെയുള്ള നിയമനത്തിന് ബാധകമാണ്.

## 3. സിലബസ്

കെ–ടെറ്റ് പരീക്ഷയിലെ I,II,III,IV വിഭാഗം പരീക്ഷകളുടെ സിലബസ് SCERT യുടെ www.scert.kerala.gov.in എന്ന വെബ്സൈറ്റിലും കേരള പരീക്ഷാഭവന്റെ https://ktet.kerala.gov.in, https://pareekshabhavan.kerala.gov.in എന്നീ വെബ്സൈറ്റുകളിലും നൽകിയിട്ടുണ്ട്.

## 4. പരീക്ഷാ പദ്ധതി, ഘടന, ഉള്ളടക്കം, യോഗ്യത

നാല് വിഭാഗങ്ങളിലായി (കാറ്റഗറി–1, കാറ്റഗറി–2, കാറ്റഗറി–3, കാറ്റഗറി–4) പരീക്ഷ നടത്തുന്നു. ഓരോ വിഭാഗത്തിനും വേണ്ട അടിസ്ഥാന യോഗ്യത നേടിയിട്ടുള്ളവർക്ക് പരീക്ഷ എഴുതുന്നതിന് അർഹതയുണ്ടായിരിക്കും.

പരീക്ഷ നടത്തുന്നത് താഴെ പറയുന്ന ഇനങ്ങളിലാണ്.

i) ലോവർ പ്രൈമറി ക്ലാസ്സുകളിൽ അധ്യാപകരാകാൻ അടിസ്ഥാന യോഗ്യത നേടിയവർക്ക് കാറ്റഗറി–1

ii) അപ്പർ പ്രൈമറി ക്ലാസ്സുകളിൽ അധ്യാപകരാകാൻ അടിസ്ഥാനയോഗ്യത നേടിയവർക്ക് കാറ്റഗറി–2

iii) ഹൈസ്കൂൾ ക്ലാസ്സുകളിൽ അധ്യാപകരാകാൻ അടിസ്ഥാനയോഗ്യത നേടിയവർക്ക് കാറ്റഗറി–3

iv) യു.പി തലം വരെയുള്ള ഭാഷാ അധ്യാപകരാകാൻ യോഗ്യത നേടിയവർക്കും കായിക അദ്ധ്യാപകർക്കും സ്പെഷ്യൽ അദ്ധ്യാപകർക്കും കാറ്റഗറി–4

## A. <u>കാറ്റഗറി 1– ലോവർ പ്രൈമറി ക്ലാസ്സുകൾ</u>

**അപേക്ഷിക്കാനുള്ള കുറഞ്ഞ യോഗ്യത**

45% മാർക്കോടെ ഹയർ സെക്കന്ററി/സീനിയർ സെക്കന്ററി (തത്തുല്യം) പരീക്ഷ പാസായിരിക്കണം. കൂടാതെ കേരള സർക്കാർ പരീക്ഷാ ബോർഡ് നടത്തുന്ന ട്രെയിൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ടി.ടി.സി/ഡി.എഡ്/ഡി.എൽ. എഡ്) പരീക്ഷാ പാസായിരിക്കണം.

**അല്ലെങ്കിൽ**

45% മാർക്കോടെ ഹയർ സെക്കന്ററി/സീനിയർ സെക്കന്ററി (തത്തുല്യം) പരീക്ഷയോടൊപ്പം എൻ.സി.റ്റി.ഇ–യുടെ 2002–ലെ ചട്ടങ്ങൾക്കനുസരിച്ച് 2 വർഷത്തെ ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ കൂടി നേടിയവർക്കും അപേക്ഷിക്കാം

**അല്ലെങ്കിൽ**

50% മാർക്കോടെ ഹയർ സെക്കന്ററി/സീനിയർ സെക്കന്ററി (തത്തുല്യം) പാസാവുകയും 4 വർഷത്തെ ബാച്ച്ലർ ഓഫ് എലമെന്ററി എഡ്യൂക്കേഷൻ (B.El.Ed) യോഗ്യതയും ഉണ്ടാകണം.

**അല്ലെങ്കിൽ**

50% മാർക്കോടെ ഹയർ സെക്കന്ററി/സീനിയർ സെക്കന്ററി (തത്തുല്യം) ജയത്തോടൊപ്പം 2 വർഷത്തെ ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (സ്പെഷ്യൽ എഡ്യൂക്കേഷൻ) യോഗ്യതകൂടി നേടിയവരാകണം.

**കേരളത്തിൽ കെ–ടെറ്റ് പരീക്ഷ 01.03.2012 ലെ ജി.ഒ(പി) 70/12/G.Edn ഉത്തരവു പ്രകാരം നടപ്പിലാക്കിയതിന് മുമ്പ് എസ്.എസ്.എൽ.സി, റ്റി.റ്റി.സി യോഗ്യത നേടുകയും പിന്നീട് സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തവർക്ക് സൂചന (6) പ്രകാരം കാറ്റഗറി I പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. കെ–ടെറ്റ് പരീക്ഷ നടപ്പിലാക്കിയതിനു മുമ്പ് അന്ന് നിലവിലുണ്ടായിരുന്ന ചട്ടപ്രകാരം റ്റി.റ്റി.സി. പാസ്സായവർക്കും സൂചന (8) സർക്കാർ ഉത്തരവ് പ്രകാരം ഇളവിന് അർഹതയുണ്ട്. കേരള പരീക്ഷ ബോർഡും കേരളത്തിലെ യൂണിവേഴ്സിറ്റികളും അംഗീകരിച്ച കോഴ്സുകൾ വിജയിച്ചവർക്കാണ് അപേക്ഷിക്കാൻ അർഹതയുള്ളത്.**

## പരീക്ഷയുടെ മാതൃക

ഈ വിഭാഗത്തിലെ പരീക്ഷയ്ക്ക് ഒരു പേപ്പർ മാത്രമേ ഉണ്ടാകുകയുള്ളൂ. ഒബ്ജക്ടീവ് ടൈപ്പ് മൾട്ടിപ്പിൾ ചോയ്സ് മാതൃകയിലായിരിക്കും (MCQS) പരീക്ഷ. ഓരോ ചോദ്യത്തിനും ഒരു മാർക്ക് എന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. തന്നിരിക്കുന്ന ഓപ്ഷനുകളിൽ നിന്ന് ഒരു ശരിയുത്തരം തെരഞ്ഞെടുക്കാവുന്നതാണ്. ഇത്തരത്തിൽ ആകെ 150 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഓരോ മാർക്കു വീതം 150 മാർക്ക്.

ഓരോ പരീക്ഷയും മൂന്നു ഭാഗങ്ങളായി നടത്തപ്പെടുന്നു.

**ഘടനയും ഉള്ളടക്കവും**

| പാർട്ട് | ഉള്ളടക്കം | ചോദ്യങ്ങളുടെ എണ്ണം | മാർക്ക് |
|---|---|---|---|
| I | ശിശുവികാസവും ബോധന ശാസ്ത്രവും (6–11 വയസ്) | 30 | 30 |
| | ഗണിതശാസ്ത്രം | 30 | 30 |
| | പരിസ്ഥിതി പഠനം | 30 | 30 |
| II | ഒന്നാം ഭാഷ മലയാളം/ തമിഴ്/ കന്നഡ | 30 | 30 |
| III | ഭാഷ–2 ഇംഗ്ലീഷ്/അറബി* | 30 | 30 |
| | | 150 | 150 |

** ലോവർ പ്രൈമറി തലത്തിൽ അറബി അധ്യാപകരാകാൻ യോഗ്യതയുള്ളവർക്ക് മാത്രം*

## ചോദ്യങ്ങളുടെ രീതിയും നിലവാരവും

- Part–I 6 മുതൽ 11 വയസുവരെയുള്ള കുട്ടികളുടെ പഠനത്തിലും – ബോധന–വിദ്യാഭ്യാസ മന:ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് ഭാഗം–1–ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യത്യസ്തരായ കുട്ടികളുടെ സ്വഭാവസവിശേഷതകൾ മനസ്സിലാക്കുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനും ഉള്ള കഴിവ് പരിശോധിക്കുന്ന തരത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കും.
  വിഷയത്തെ കുറിച്ചുള്ള അറിവ് ആശയങ്ങൾ അദ്ധ്യാപനത്തിനുള്ള കഴിവ് പ്രശ്നപരിഹാരപാടവം എന്നിവ അളക്കുന്ന തരത്തിലുള്ള ചോദ്യങ്ങളായിരിക്കും ഗണിതശാസ്ത്രവും പരിസ്ഥിതി പഠനവും എന്ന ഭാഗത്ത് നിന്നുള്ളത്.
- Part–II ബോധന മാധ്യമമായി തെരഞ്ഞെടുത്ത ഭാഷ (മലയാളം, തമിഴ്, കന്നഡ) ഏതാണോ അതിലുള്ള കഴിവും പ്രാവീണ്യവും മനസ്സിലാക്കാൻ തക്ക ചോദ്യങ്ങൾ ഭാഗം 2–ൽ (ഒന്നാം ഭാഷ) ഉൾക്കൊള്ളിക്കുന്നു. (Proficiencies related to the medium of instruction)
- Part–III രണ്ടാം ഭാഷയായി തെരഞ്ഞെടുത്ത ഭാഷയെക്കുറിച്ചുള്ള അറിവ്, പ്രയോഗപാടവം എന്നിവ അളക്കുന്നതിനുള്ള ചോദ്യങ്ങൾ മൂന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഇംഗ്ലീഷ്, അറബിക്) (Focus on the elements of language abilities communication and comprehension)

1 മുതൽ 5 വരെ ക്ലാസ്സുകളിലെ SCERT സിലബസ് അനുസരിച്ച് ഓരോ മേഖലയ്ക്കും തുല്യമായ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ചോദ്യങ്ങൾ ആണ് ഇവയിലെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ചോദ്യങ്ങളുടെ കാഠിന്യവും വ്യാപ്തിയും സെക്കന്ററി തലം വരെയായിരിക്കും

## B. കാറ്റഗറി–2 (അപ്പർ പ്രൈമറി ക്ലാസ്സുകൾ)

**അടിസ്ഥാന യോഗ്യത**

ബി.എഡ്. കോഴ്സിന് അപേക്ഷിക്കുന്നതിന് യോഗ്യമായ ഏതെങ്കിലും ഒരു ബിരുദത്തോടൊപ്പം എലമെന്ററി എഡ്യൂക്കേഷനിൽ ദ്വിവൽസര ഡിപ്ലോമ/റ്റി.റ്റി.സി/ ഡി.എഡ്/ ഡി.എൽ.എഡ്. പാസായിരിക്കണം.

**അല്ലെങ്കിൽ**

45% മാർക്കോടെ ബി.എഡ്. കോഴ്സിന് അപേക്ഷിക്കുന്നതിന് യോഗ്യമായ ഏതെങ്കിലും ഒരു ബിരുദത്തോടൊപ്പം ബാച്ച്ലർ ഇൻ എഡ്യൂക്കേഷൻ (B.Ed)/DLEd യോഗ്യതകൂടി ഉണ്ടാകണം (NCTE സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ബാധകമായിരിക്കും).

**അല്ലെങ്കിൽ**

50% മാർക്കോടെ ഹയർ സെക്കന്ററി/സീനിയർ സെക്കന്ററി (തത്തുല്യം) വിജയത്തോടൊപ്പം 4 വർഷത്തെ ബാച്ച്ലർ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (B.El.Ed)

**അല്ലെങ്കിൽ**

50% മാർക്കോടെ ഹയർ സെക്കൻഡറി/സീനിയർ സെക്കൻഡറി (തത്തുല്യം) വിജയത്തോടൊപ്പം 4 വർഷത്തെ ബി.എസ്.സി/ബി.എ ഇൻ എഡ്യൂക്കേഷൻ (BA.Ed Or B.Sc.Ed).

**അല്ലെങ്കിൽ**

കെ.ടെറ്റ് കാറ്റഗറി 2 എഴുതുന്നതിന് ആവശ്യമായ മറ്റ് യോഗ്യതകൾ ഉള്ള പക്ഷം കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ BBA ബിരുദം.

## പരീക്ഷയുടെ മാതൃക

ഈ വിഭാഗത്തിൽ ഒരു പേപ്പർ മാത്രമേ ഉണ്ടാകൂ. മൾട്ടിപ്പിൾ ചോയ്സ് മാതൃകയിലായിരിക്കും (MCQS) ചോദ്യങ്ങൾ. ഓരോ ചോദ്യത്തിനും ഒരു മാർക്ക് എന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. ഒരു ശരിയുത്തരം തെരഞ്ഞെടുക്കാവുന്നതാണ്. ആകെ 150 ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## പരീക്ഷാഘടനയും ഉള്ളടക്കവും

| പാർട്ട് | ഉള്ളടക്കം | ചോദ്യങ്ങളുടെ എണ്ണം | മാർക്ക് |
|---|---|---|---|
| I | ശിശുവികാസവും ബോധനശാസ്ത്രവും (11–14 വയസ് വരെ) | 30 | 30 |
| | എ) സയൻസ്, ഗണിതശാസ്ത്ര അധ്യാപകർക്ക് വേണ്ടി ഗണിതവും സയൻസും<br>അല്ലെങ്കിൽ<br>ബി) സാമൂഹ്യ ശാസ്ത്ര അധ്യാപകർക്ക് വേണ്ടി സാമൂഹ്യശാസ്ത്രം<br>അല്ലെങ്കിൽ<br>സി) മറ്റ് അദ്ധ്യാപകർ (എ) അല്ലെങ്കിൽ (ബി) | 60 | 60 |
| II | ഭാഷ–1 മലയാളം/തമിഴ്/കന്നഡ/ഇംഗ്ലീഷ് | 30 | 30 |
| III | ഭാഷ–2 (ഭാഷ 1 അല്ലാതെ) മലയാളം/ഇംഗ്ലീഷ് | 30 | 30 |
| | **ആകെ** | **150** | **150** |

## ചോദ്യങ്ങളുടെ രീതിയും നിലവാരവും

- Part-1 11–14 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസ മന:ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് ശിശുവികസനവും ബോധനവിദ്യയും എന്ന ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യസ്തരായ കുട്ടികളുടെ സ്വഭാവസവിശേഷതകൾ മനസ്സിലാക്കുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനും ഉള്ള കഴിവ് പരിശോധിക്കുന്ന തരത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കും

  ഗണിതശാസ്ത്ര, ശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളിലെ ചോദ്യങ്ങൾ ആ വിഷയങ്ങളുടെ ആശയം, പ്രശ്നപരിഹാര പാടവം ബോധനതലത്തിലുള്ള അറിവ് എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ളതാണ്. ശാസ്ത്ര, ഗണിതശാസ്ത്ര വിഷയങ്ങളിലെ ചോദ്യങ്ങൾ ഓരോ വിഷയത്തിനും 30 മാർക്ക് വീതം നൽകികൊണ്ടുള്ളതാണ്.

- Part-II അപേക്ഷ സമർപ്പണ സമയത്ത് തെരഞ്ഞെടുത്തിരിക്കുന്ന ബോധനമാധ്യമത്തിലെ നൈപുണ്യം അളക്കുന്നതിനുള്ള ചോദ്യങ്ങളാണ് ഭാഷ–1 (മലയാളം/കന്നഡ/തമിഴ്/

ഇംഗ്ലീഷ്) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. (proficiencies related to the medium of instruction)

- ❖ Part–III രണ്ടാം ഭാഗത്തിൽ ഉൾപ്പെടുന്നതും എന്നാൽ ഒന്നാം ഭാഷയായി അപേക്ഷകൻ തെരഞ്ഞെടുക്കാത്തതുമായ ഏതെങ്കിലും ഭാഷ രണ്ടാം ഭാഷയായി തെരഞ്ഞെടുക്കാവുന്നതാണ്. ഇത് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. ഭാഷയെക്കുറിച്ചുള്ള അറിവ്, പ്രയോഗപാടവം എന്നിവ അളക്കുന്നതിനുള്ള ചോദ്യങ്ങൾ മൂന്നാം ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. (Focus on the elements of language abilities communication and comprehension)
- ❖ 5 മുതൽ 8 വരെ ക്ലാസ്സുകളിലെ SCERT സിലബസ്സിനെ അടിസ്ഥാനമാക്കി ആണ് ചോദ്യങ്ങൾ എങ്കിലും കാഠിന്യവും വ്യാപ്തിയും ഹയർ സെക്കന്ററി/സീനിയർ സെക്കന്ററിതലം വരെ ആയിരിക്കും.

## C. കാറ്റഗറി 3 (ഹൈസ്കൂൾ ക്ലാസ്സുകൾ)

ഈ പരീക്ഷ നടത്തുന്നത് ഹൈസ്കൂൾ അസിസ്റ്റന്റ് (**HSA**) (i) മലയാളം, (ii) ഇംഗ്ലീഷ്, (iii) ഹിന്ദി, (iv) സംസ്കൃതം (v) തമിഴ് (vi) കന്നഡ, (vii) അറബി, (viii) ഉറുദു (ix) സോഷ്യൽ സയൻസ് (x) ഫിസിക്കൽ സയൻസ് (xi) നാച്ചുറൽ സയൻസ് (xii) ഗണിതശാസ്ത്രം എന്നിവ ആകാൻ ആഗ്രഹിക്കുന്നവർക്കാണ്.

### അപേക്ഷിക്കാൻ വേണ്ട കുറഞ്ഞ യോഗ്യത

1. 45% മാർക്കോടെയുള്ള ബി.എ/ബി.എസ്.സി/ബികോം യോഗ്യതയും അതേ വിഷയത്തിലുള്ള ബി.എഡ് ഡിഗ്രിയും ഉണ്ടായിരിക്കണം.
(കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികളിൽ നിന്നോ അംഗീകാരമുള്ള ഇതര യൂണിവേഴ്സിറ്റികളിൽ നിന്നോ നേടിയ യോഗ്യത ആയിരിക്കണം)

അല്ലെങ്കിൽ

**ബിരുദാനന്തര ബിരുദത്തിന് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ബി.എഡ് –ന് അഡ്മിഷൻ നേടി വിജയിച്ചവർക്ക് കെ–ടെറ്റ് പരീക്ഷ എഴുതാവുന്നതാണ്. (സ.ഉ(കൈ)നമ്പർ 172/2018/പൊ.വി.വ തീയതി: 4/12/2018)**

1. ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നീ വിഷയങ്ങളിൻമേൽ ഡിഗ്രി നേടിയവർക്ക് 50% മാർക്കിൽ കുറയാത്ത അതേ വിഷയത്തിലുള്ള എം.എസ്.സി എഡ്യൂക്കേഷൻ (MSc Ed) ഡിഗ്രി ഉണ്ടെങ്കിൽ

കാറ്റഗറി 3–ന് അപേക്ഷിക്കാവുന്നതാണ്. (NCERT നടത്തുന്ന മേഖലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചവ ആയിരിക്കണം)

സസ്യ/ജന്തു ശാസ്ത്ര വിഭാഗക്കാർക്കും 50% മാർക്കിൽ കുറയാതെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ നിന്ന് നേടിയ ലൈഫ് സയൻസിൽ ഉള്ള MScEd ഡിഗ്രി ഉള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

3. 45% ൽ കുറയാതെയുള്ള ബി.എ അല്ലെങ്കിൽ തത്തുല്യ യോഗ്യതയും LTTC/D.LEd ജയിച്ചവർക്കും കാറ്റഗറി മൂന്നിന് അപേക്ഷിക്കാവുന്നതാണ്.

## <u>കുറിപ്പ്</u>

- കേരള സർക്കാർ/പരീക്ഷാബോർഡ്/NCTE/സർവ്വകലാശാലകൾ അംഗീകരിച്ച അധ്യാപനത്തിൽ ഡിപ്ലോമ/ഡിഗ്രി യോഗ്യതയുള്ളവർക്കും കാറ്റഗറി 3–ന് അപേക്ഷിക്കാവുന്നതാണ്. ഈ അപേക്ഷകർ കേരള സർക്കാർ/കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച തുല്യതാ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെ സമയത്ത് ഹാജരാക്കേണ്ടതാണ്.
- അംഗീകാരമുള്ള കറസ്പോണ്ടൻസ് കോഴ്സ് വഴിയോ ഓപ്പൺ യൂണിവേഴ്സിറ്റികൾ വഴിയോ യോഗ്യത നേടിയവർ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികളിൽ നിന്ന് തുല്യതാ/അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്.

**<u>കെ–ടെറ്റ് കാറ്റഗറി 2, 3 പരീക്ഷകൾക്ക് ഡിഗ്രിയ്ക്ക് 45% എന്നത് എല്ലാ വിഷയങ്ങൾക്കും കൂടി കിട്ടിയ ആകെ മാർക്കിന്റെ ശതമാനം എന്ന രീതിയിൽ കണക്കാക്കാവുന്നതാണ്.</u>**

ആകെ 150 ചോദ്യങ്ങൾ അടങ്ങിയ മൾട്ടിപ്പിൾ ചോയ്സ് മാതൃകയിലുള്ള ഒരു പേപ്പർ മാത്രമേ ഉണ്ടാകൂ. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് എന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.

**<u>ഘടനയും ഉള്ളടക്കവും</u>**

| പാർട്ട് | ഉള്ളടക്കം | ചോദ്യങ്ങളുടെ എണ്ണം | മാർക്ക് |
|---|---|---|---|
| I | കൗമാര മന:ശാസ്ത്രം, പഠന സിദ്ധാന്തങ്ങൾ, അധ്യാപന അഭിരുചി | 40 | 40 |
| II | 1–ാം ഭാഷ മലയാളം/തമിഴ്/കന്നഡ/ഇംഗ്ലീഷ് | 30 | 30 |
| III | വിഷയാടിസ്ഥാനത്തിലുള്ള ചോദ്യങ്ങൾ (ആശയവും, ബോധനശാസ്ത്രവും) | 80 | 80 |
| ആകെ | | 150 | 150 |

**ചോദ്യങ്ങളുടെ രീതിയും നിലവാരവും**

- ❖ Part–1 ലെ ചോദ്യങ്ങൾ 13 മുതൽ 17 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസ മന:ശാസ്ത്രം പഠന–ബോധന സമീപനങ്ങളും തത്ത്വങ്ങളും എന്നിവയെ കുറിച്ചുള്ളവയായിരിക്കും. വിവിധ പഠിതാക്കളുടെ സ്വഭാവ സവിശേഷതകളും, ആവശ്യങ്ങളും, മന:ശാസ്ത്രവും മനസ്സിലാക്കി പഠനം അനായാസമാക്കുന്നതിനുള്ള കഴിവ് പരിശോധിക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തും.
- ❖ Part–II ഭാഷ (മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നഡ) യിലെ ചോദ്യങ്ങൾ ബോധന മാധ്യമമായി തെരഞ്ഞെടുത്ത ഭാഷയെ ഉപയോഗിക്കാനുള്ള കഴിവ് അളക്കുന്നതരത്തിൽ ആയിരിക്കും. (Proficiencies related to the medium of instruction)
- ❖ Part–III അതത് അക്കാദമിക് വിഷയങ്ങളിലെ ആശയങ്ങൾക്കും സങ്കൽപ്പങ്ങൾക്കും അനുസരിച്ചുള്ളവ ആയിരിക്കും. ഈ വിഭാഗത്തിലെ ചോദ്യങ്ങൾ ബോധനവിദ്യ (പെഡഗോഗി) യുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉൾപ്പെടും.
- ❖ കേരള എസ്.സി.ഇ.ആർ.ടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 8 മുതൽ 12 ക്ലാസ്സ് വരെയുള്ള സിലബസ് അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും കാഠിന്യവും വ്യാപ്തിയും ഡിഗ്രി തലം വരെയുള്ളതായിരിക്കും.

## D. കാറ്റഗറി – 4

ഈ പരീക്ഷ നടത്തുന്നത് യു.പി തലം വരെയുള്ള അറബി/ഹിന്ദി/സംസ്കൃതം/ഉറുദു, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കായിക അദ്ധ്യാപകർ (ഹൈസ്കൂൾ തലം വരെ) ആർട്ട് & ക്രാഫ്റ്റ് അധ്യാപകർ (എൻ.സി.റ്റി.ഇ കുറഞ്ഞ യോഗ്യത പ്രഖ്യാപിക്കുന്നതുവരെ ഗവൺമെന്റ് മാനദണ്ഡങ്ങൾക്കനുസൃതമായി) ആകാൻ ആഗ്രഹിക്കുന്നവർക്ക്.

**അപേക്ഷിക്കാനുള്ള കുറഞ്ഞ യോഗ്യത**

10.06.2024 ലെ ജി.ഒ.(എം.എസ്) നം. 59/2024/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം അറബി/ഹിന്ദി/സംസ്കൃതം/ഉറുദു ഭാഷാ അധ്യാപകരാകാൻ യോഗ്യത നേടിയവർ (യു.പി തലം വരെ) സ്പെഷ്യലിസ്റ്റ് അധ്യാപകർ, കായിക അദ്ധ്യാപകർക്കുള്ള (കേരള എഡ്യൂക്കേഷണൽ ആക്ട് & റൂൾസ്–ലെ ചാപ്റ്റർ xxxi- ൽ പ്രതിപാദിക്കുന്ന) യോഗ്യത നേടിയവർക്കും കാറ്റഗറി–4 പരീക്ഷയ്ക്ക് അപേക്ഷിക്കാം

**നോട്ട്**

ഏതെങ്കിലും വിഷയത്തിൽ കേരള സർക്കാർ/പരീക്ഷാ ബോർഡ്/എൻ.സി.റ്റി.ഇ/ സർവ്വകലാശാലകൾ അംഗീകരിച്ച സർട്ടിഫിക്കറ്റ്/ഡിപ്ലോമ/ഡിഗ്രി ഇൻ ടീച്ചിംഗ് യോഗ്യതയുള്ളവർക്ക് കെ–ടെറ്റ്–4–ന് അപേക്ഷിക്കാവുന്നതാണ്.

## പരീക്ഷാ രീതി

ഈ വിഭാഗത്തിലും ഒരു പേപ്പർ മാത്രമേ ഉണ്ടാകൂ. എല്ലാ ചോദ്യങ്ങളും മൾട്ടിപ്പിൾ ചോയ്സ് മാതൃകയിലുള്ളതായിരിക്കും. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് എന്ന ക്രമത്തിൽ ആകെ 150 ചോദ്യങ്ങൾ ഉണ്ടായിരിക്കും.

### പരീക്ഷ ഘടനയും ഉള്ളടക്കവും

| പാർട്ട് | വിഷയം | ചോദ്യങ്ങളുടെ എണ്ണം | മാർക്ക് |
|---|---|---|---|
| I | ശിശു വികസനം, ബോധന ശാസ്ത്രം അധ്യാപന അഭിരുചി | 30 | 30 |
| II | ഭാഷ– 1 മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നഡ | 40 | 40 |
| III | വിഷയാടിസ്ഥാനത്തിലുള്ള ചോദ്യങ്ങൾ (ആശയവും ബോധനശാസ്ത്രവും) | 80 | 80 |
| ആകെ | | 150 | 150 |

### ചോദ്യങ്ങളുടെ രീതിയും നിലവാരവും

- Part–I 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ മന:ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ആണ് ആദ്യ ഭാഗത്ത് ഉൾപ്പെടുത്തുന്നത്. വ്യത്യസ്ത പഠിതാക്കളുടെ സ്വഭാവ സവിശേഷതകളും, ആവശ്യങ്ങളും മന:ശാസ്ത്രവും മനസ്സിലാക്കി പഠനത്തെ അനായാസമാക്കി തീർക്കാനുള്ള കഴിവ് അളക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തും.
- Part–II ബോധന മാധ്യമത്തിലെ ശേഷിയും കാര്യക്ഷമതയും അളക്കുന്നതിനുള്ള ചോദ്യങ്ങളാണ് ഭാഷ (മലയാളം, തമിഴ്, ഇംഗ്ലീഷ്, കന്നഡ) വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. (Proficiencies related to the medium of instruction)
- Part–III ബോധനതലത്തിൽ പ്രസ്തുത സ്പെഷ്യൽ വിഷയത്തെ മനസ്സിലാക്കുന്നതിനും ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും ഉള്ള കഴിവ് അളക്കുന്ന തരത്തിലുള്ള ചോദ്യങ്ങൾ ആണ് ഉൾപ്പെടുത്തുന്നത്.
- സ്പെഷ്യൽ സബ്ജക്ടുകളുടെ സിലബസ് SCERT യുടെ www.scert.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്.
- 1 മുതൽ 8 വരെ ക്ലാസ്സുകളിലെ SCERT സിലബസ്സിനെ ആസ്പദമാക്കിയുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ചോദ്യങ്ങളുടെ വ്യാപ്തിയും കാഠിന്യവും സെക്കന്ററി തലം വരെ ആയിരിക്കും.

**വിവിധ കാറ്റഗറികളിൽ (കാറ്റഗറി 1 മുതൽ 4 വരെ)**

**കെ–ടെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർക്ക് അനുവദിച്ചിട്ടുള്ള മാർക്കിളവ്.**

**SC/ST/OBC/OEC വിഭാഗത്തിൽപ്പെട്ടവർക്ക് യോഗ്യതാ പരീക്ഷയിൽ 5% മാർക്കിളവ് അനുവദിച്ചിട്ടുണ്ട്. (കേരള സർക്കാർ തീരുമാനങ്ങൾക്കും നിയമങ്ങൾക്കും അനുസൃതം) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് 10% മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.**

## 5. യോഗ്യത നേടുന്നതിനുള്ള മാർക്ക്

15-03-2017 -ലെ സ.ഉ (കൈ) നമ്പർ 18/2017/പൊ.വി.വ-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജനറൽ കാറ്റഗറിക്ക് **60% (90 മാർക്ക്)**

എസ്.സി./എസ്.റ്റി/ഒ.ബി.സി/ഒ.ഇ.സി വിഭാഗങ്ങൾക്ക് കെ-ടെറ്റ് പാസാകുന്നതിന് മിനിമം മാർക്ക് **55% (82 മാർക്ക്)** ആയും പി.എച്ച് വിഭാഗങ്ങൾക്ക് **50% (75 മാർക്ക്)** ആയും നിജപ്പെടുത്തിയിട്ടുണ്ട്.

കെ-ടെറ്റ് പരീക്ഷയിലെ ഏതെങ്കിലും ചോദ്യങ്ങൾ ഒഴിവാക്കിയാൽ അത്തരം ചോദ്യങ്ങൾക്കുള്ള മാർക്കിളവ് ടി വിഭാഗത്തിൽ പരീക്ഷ എഴുതിയ എല്ലാവർക്കും ഒരു പോലെ നൽകുന്നതാണ്. ഒഴിവാക്കുന്ന ചോദ്യത്തിന്റെ മാർക്ക് കൂടി ചേർത്ത് 150 മാർക്കിൽ തന്നെ ആയിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്.

***നെഗറ്റീവ് മാർക്ക്:*** **കെ-ടെറ്റ് പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്ക് ഉണ്ടായിരിക്കില്ല. ഒരു തവണ കെ-ടെറ്റ് പരീക്ഷ വിജയിച്ചവർക്ക് വീണ്ടും അതേ കാറ്റഗറിയിൽ പരീക്ഷ എഴുതാൻ സാധിക്കുന്നതല്ല.**

**പ്രധാന കുറിപ്പ്**

**കെ-ടെറ്റ് യോഗ്യത നേടി എന്നത്കൊണ്ട് മാത്രം ഒരു വ്യക്തി അധ്യാപകനാകാൻ യോഗ്യനായി എന്ന് അർത്ഥമാകുന്നില്ല. അതത് സർക്കാരുകളും, നിയമന അധികാരികളും നിഷ്കർഷിച്ചിട്ടുള്ള മറ്റ് യോഗ്യതകൾ കൂടി നേടിയാൽ മാത്രമേ അധ്യാപകനായി തെരഞ്ഞെടുക്കപ്പെടുകയുള്ളൂ.**

## 6. പ്രായ പരിധി

കെ-ടെറ്റ് പരീക്ഷ എഴുതുന്നതിന് പ്രായപരിധി ഇല്ല.

## 7. പരീക്ഷാ ഷെഡ്യൂൾ

വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരാവുന്നതാണ്. അത്തരത്തിലുണ്ടാകുന്ന മാറ്റങ്ങൾ പത്രങ്ങളിലൂടെയും മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും പരീക്ഷാഭവന്റെ https://ktet.kerala.gov.in, https://pareekshabhavan.kerala.gov.in എന്നീ വെബ്സൈറ്റുകൾ മുഖാന്തിരവും അറിയിക്കുന്നതാണ്.

## 8. ചോദ്യപേപ്പറിന്റെ ഭാഷയും മാധ്യമവും

കാറ്റഗറി 1, 2, 4 (ഭാഷ ഒഴികെ) ചോദ്യപേപ്പറുകൾ രണ്ട് ഭാഷകളിൽ (മലയാളത്തിലും ഇംഗ്ലീഷിലും) ഉണ്ടായിരിക്കും. കാറ്റഗറി 3 ന്റെ ചോദ്യങ്ങൾ ഇംഗ്ലീഷിൽ മാത്രമായിരിക്കും നൽകുക (ഭാഷാവിഷയങ്ങൾ ഒഴികെ)

## 9. പരീക്ഷാ കേന്ദ്രങ്ങൾ

കേരളത്തിലെവിടെയും പരീക്ഷാ കേന്ദ്രങ്ങൾ തീരുമാനിക്കുന്നതിനുള്ള അധികാരം പരീക്ഷാ സെക്രട്ടറിയ്ക്ക് ഉണ്ട്. **അപേക്ഷകർക്ക് അവർ പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ**

**ജില്ല (DEO) അപേക്ഷാ സമയത്ത് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ഒരു റവന്യൂ ജില്ലയിൽ ഒരു പരീക്ഷാ കേന്ദ്രം മാത്രമേ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് തങ്ങൾ തിരഞ്ഞെടുത്ത വിദ്യാഭ്യാസ ജില്ല (DEO) ഉൾപ്പെടുന്ന റവന്യൂ ജില്ലയിൽ പരീക്ഷാ കേന്ദ്രം അനുവദിക്കുന്നതാണ്.**


## 10. പരീക്ഷാ ഫീസ്:

സർവ്വീസിലുള്ള അദ്ധ്യാപകർക്ക് മാത്രമായി നടത്തുന്ന പ്രത്യേക കെ-ടെറ്റ് പരീക്ഷ ആയതിനാൽ ജനറൽ വിഭാഗത്തിന് 1000/- രൂപയും, എസ്.സി. / എസ്.ടി/ ഭിന്നശേഷി/ കാഴ്ചപരിമിത വിഭാഗത്തിന് 750/- രൂപയുമാണ് ഫീസ്. അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നതോടൊപ്പം പരീക്ഷാഫീസും ഓൺലൈൻ ബാങ്കിംഗ് വഴി (Net Banking, Credit/Debit Card) അടയ്ക്കാവുന്നതാണ്.

ഒരു തവണ അടച്ച ഫീസ് യാതൊരു കാരണവശാലും മറ്റ് പരീക്ഷകൾക്കായി മാറ്റിവയ്ക്കുന്നതോ തിരികെ ലഭിക്കുന്നതോ അല്ല. **SBI e-Pay മുഖാന്തിരം നടത്തുന്ന ഇടപാടുകളിൽ ഏതെങ്കിലും തരത്തിലുള്ള പിഴവുണ്ടാകുകയാണെങ്കിൽ മാതൃബാങ്കുമായി ബന്ധപ്പെട്ട് തീർപ്പുണ്ടാക്കേണ്ടതാണ്. ഫീസിന്റെ ബാങ്ക് ഇടപാടുകളിലുണ്ടാകുന്ന പ്രശ്ന പരിഹാരത്തിന് പരീക്ഷാഭവനോ എസ്.സി.ഇ.ആർ.റ്റി. യോ ഇടപെടുന്നതല്ല. മാതൃബാങ്കിൽ പരാതിനൽകുമ്പോൾ ATRN (Transaction ID/Merchant ID) രേഖപ്പെടുത്തി നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**


## 11. അപേക്ഷാസമർപ്പണ രീതി

(എ) പരീക്ഷാഭവന്റെ https://ktet.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും വിജ്ഞാപനം, നിർദ്ദേശങ്ങൾ, ഫീസടയ്ക്കുന്ന രീതി, അപേക്ഷാരീതി എന്നിവ അടങ്ങിയ വിജ്ഞാപനം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. Home page -ൽ നിന്നും 'New Registration' എന്ന ലിങ്ക് സെലക്ട് ചെയ്ത് ചുവടെ കാണിച്ചിരിക്കുന്ന അപേക്ഷാ ഭാഗം കാണാവുന്നതാണ്.



(ബി) അപേക്ഷിക്കാനുള്ള കാറ്റഗറി സെലക്ട് ചെയ്തു കഴിഞ്ഞാൽ കാറ്റഗറിക്ക് അനുസൃതമായ മീഡിയം, പാർട്ട്, വിഷയ വിവരങ്ങൾ നൽകി അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത വിവരങ്ങൾ നൽകണം.

(സി) അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്ന സമയത്ത് തന്നെ വെബ്സൈറ്റിൽ ലഭ്യമായ ഡിപ്പാർട്ട്മെന്റൽ തിരിച്ചറിയൽ കാർഡ് നമ്പർ രേഖപ്പെടുത്തേണ്ടതാണ്. ഡിപ്പാർട്ട്മെന്റൽ തിരിച്ചറിയൽ കാർഡ് ഇല്ലാത്തവർ ഓപ്ഷനിൽ നിന്നും ഒരു ഐഡി സെലക്ട് ചെയ്ത് നമ്പർ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയിൽ രേഖപ്പെടുത്തുന്ന ഐഡി കാർഡിന്റെ അസ്സൽ പരീക്ഷാഹാളിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.



SELECT THE CATEGORIES FOR REGISTRATION

- [ ] Category I (for LP Section)
- [x] Category II (for UP Section)
- [ ] Category III (for HS Section)
- [ ] Category IV (for Language Teachers)


AN APPLICANT CAN APPLY FOR ONLY ONE CATEGORY

CATEGORY - II

| | |
|---|---|
| Medium of Instruction (Language I) for Category II * | Kannada |
| Elements of Language (Language II) for Category II * | Malayalam |
| Minimum Qualification * | Graduation and TTC / DEd / D.El.Ed |

| Sl no | Qualification | Register No. | University/Board | Studied institution | Year of Passing | % of marks |
|---|---|---|---|---|---|---|
| 1 | B.A / B.Sc /B.Com | qgfgf44 | FFFGGG | HGDDDDD | 2020 | 98 |
| 2 | TTC/DEd/D.El.Ed | ghghghhh | GHHGGH | HJBJHVGV | 2023 | 67 |

(ഡി) പരീക്ഷ എഴുതുവാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ ജില്ല, പേര്, ജനനതീയതി, ജാതി, കാറ്റഗറി, മതം എന്നിങ്ങനെയുള്ള വിവരങ്ങൾ തെറ്റുകൂടാതെ സൂക്ഷ്മതയോടെ രേഖപ്പെടുത്തണം. കൂടാതെ നിർദ്ദിഷ്ട മാതൃകയിലുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്ത് നൽകേണ്ടതുമാണ്.




**CANDIDATE BASIC DETAILS**

| | |
|---|---|
| Educational District Selected as the Exam. Centre * | Attingal |
| Name of the Candidate (As in SSLC Certificate) * | TEST |
| Gender* | Male / Female (Female selected) |
| Date of Birth (dd/mm/yyyy) * | 10/10/1995 |
| Name of Father/Guardian * | TEST11 |
| Religion * | Buddhist |
| Category * | General |
| Caste * | TEST |
| Physical Status * | Normal |
| Address to which communication is to be sent * | TEST |
| Land Phone Number | |
| Mobile Phone Number * | 9876544111 |
| Email ID | test@gmail.com |
| Examination Fee | 1000 |
| Identity Proof to be Kept by Examination * | Driving Licence |
| Id Proof Number * | 111aaa |
| SSLC/Equivalent(Scheme) * | SSLC |
| SSLC/Equivalent(First Appearance Register Number/Roll Number(CBSE)) * | 123456 |
| SSLC/Equivalent(First Appearance Year)* | 2013 |
| Upload a recent photo * | Browse... bsign(or).jpg |


Upload photograph in prescribed format ( jpeg / jpg format,150 X 200 pixel), *
between 20 and 30kb size must not exceed 30kb.

| | |
|---|---|
| Photo Preview | NO IMAGE AVAILABLE |
| Identification Certificate Number * | TEST |
| Identification Certificate Date [DD/MM/YYYY] * | 25/03/2025 |
| Appointment Order Number * | TEST |
| Appointment Order Date [DD/MM/YYYY] * | 21/05/2022 |

(ഇ) എ, ബി, സി, ഡി പ്രകാരമുള്ള എല്ലാ വിവരങ്ങളും നൽകി ഫോട്ടോ അപ്‌ലോഡ് ചെയ്ത് സേവ് ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ അപേക്ഷയുടെ വിവരങ്ങൾ ലഭ്യമാകുകയും അപേക്ഷയിൽ നൽകിയ വിവരങ്ങൾ പരിശോധിച്ച് തെറ്റുകൾ ഉണ്ടെങ്കിൽ എഡിറ്റ് ആപ്ലിക്കേഷൻ ബട്ടൺ ക്ലിക്ക് ചെയ്ത് തിരുത്തൽ വരുത്തുകയോ തെറ്റുകൾ ഒന്നുമില്ല എങ്കിൽ ഫൈനൽ കൺഫർമേഷൻ ചെയ്യുകയോ വേണം. ഫൈനൽ കൺഫർമേഷൻ നടത്തി കഴിഞ്ഞാൽ യാതൊരുവിധ തിരുത്തലുകളും പിന്നീട് സാധ്യമാകുന്നതല്ല.



(എഫ്) ഫൈനൽ കൺഫർമേഷൻ നടത്തിക്കഴിഞ്ഞാൽ ആപ്ലിക്കേഷൻ നമ്പർ, ആപ്ലിക്കേഷൻ ഐ.ഡി. എന്നിവ ലഭ്യമാകുന്നതും ആയതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്. ശേഷം എസ്.ബി.ഐ. ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നെറ്റ്ബാങ്കിംഗ്, ക്രെഡിറ്റ്/ ഡെബിറ്റ് കാർഡുകൾ വഴിയും പരീക്ഷാഫീസ് ഒടുക്കാവുന്നതാണ്.




(ജി) ആദ്യ തവണ ഫീസ് ഒടുക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുകയാണെങ്കിൽ ആപ്ലിക്കേഷൻ നമ്പർ, ആപ്ലിക്കേഷൻ ഐ.ഡി. എന്നിവ നൽകി പ്രൊഫൈലിൽ പ്രവേശിച്ച് ഫീസ് ഒടുക്കാവുന്നതാണ്. ഫീസ് ഒടുക്കിയ ശേഷം ഫൈനൽ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്.

അപേക്ഷ ഓൺലൈൻ ആയി മാത്രമേ സമർപ്പിക്കാൻ സാധിക്കൂ. 'Final Submission' ചെയ്ത് ഫീസ് അടച്ചശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് അപേക്ഷകൻ സൂക്ഷിക്കേണ്ടതാണ്. അപേക്ഷ **'Final Submission' ചെയ്യുന്നതിന് മുമ്പായി അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ EDIT YOUR APPLICATION എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് തിരുത്തലുകൾ വരുത്തി വീണ്ടും Submit ചെയ്യുകയും തുടർന്ന് Final Submission നടത്തുകയും ഫീസടയ്ക്കുകയും വേണം. 'Final Submission' ചെയ്ത് കഴിഞ്ഞാൽ പിന്നീട് യാതൊരു വിധ തിരുത്തലുകളും വരുത്താൻ സാധിക്കുകയില്ല.**

അപേക്ഷയുടെ പ്രിന്റ് ഔട്ടിൽ നിന്നും ലഭിക്കുന്ന Application Number, Application ID ഇവ ഉപയോഗിച്ച് മാത്രമേ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കൂ. **അപേക്ഷയുടെ പ്രിന്റ് ഔട്ട്, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ പരീക്ഷാഭവനിലേക്ക് അയയ്ക്കേണ്ടതില്ല.**

## 12. ഹാൾടിക്കറ്റ്

ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ Application Number, Application ID ഇവ ആവശ്യമാണ്. യോഗ്യരായ അപേക്ഷകൾക്കുള്ള ഹാൾടിക്കറ്റ് പരീക്ഷാഭവന്റെ സൈറ്റിൽ ലഭ്യമാകുന്നതാണ്. ശരിയായ ഹാൾടിക്കറ്റ് ഇല്ലാത്ത ആരെയും പരീക്ഷാ ഹാളിൽ പ്രവേശിക്കാനോ പരീക്ഷ എഴുതാനോ അനുവദിക്കുകയില്ല. **പരീക്ഷ വിജയിക്കുന്നവർക്ക് കെ-ടെറ്റ് സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതിന് പരീക്ഷാഹാളിലെ ഇൻവിജിലേറ്റർ ഒപ്പ് വച്ച ഹാൾടിക്കറ്റ് ആവശ്യമാണ്.**

**സർവ്വീസിലുള്ള അദ്ധ്യാപകർക്ക് മാത്രമായുള്ള പ്രത്യേക വിജ്ഞാപനം ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ നടത്തുന്ന പരിശോധനയ്ക്കായി നിശ്ചിത തീയതിക്കുള്ളിൽ ഹാജരാകാത്തവർക്കും, മേൽ സൂചിപിച്ച 05/11/2024-ലെ സ.ഉ (കൈ) നം.133/2024/ പൊ.വി.വ.നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരമുള്ള വിഭാഗം അദ്ധ്യാപകരിൽ ഉൾപ്പെടാത്തവർക്കും ഹാൾടിക്കറ്റ് അനുവദിക്കുന്നതല്ല.**

## 13. പരീക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ

- പരീക്ഷ തുടങ്ങുന്നതിന് 30 മിനിട്ട് മുമ്പ് പരീക്ഷാ കേന്ദ്രത്തിൽ എത്തേണ്ടതാണ്.
- **ഹാൾടിക്കറ്റിനോടൊപ്പം അപേക്ഷ സമർപ്പിച്ച സമയത്ത് ഓൺലൈനായി നൽകിയ തിരിച്ചറിയൽ കാർഡ്/ഡിപ്പാർട്ടുമെന്റൽ തിരിച്ചറിയൽ കാർഡ് എന്നിവയുടെ അസ്സൽ പരീക്ഷാഹാളിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. (1. തിരഞ്ഞെടുപ്പ് കമ്മിഷൻ നൽകുന്ന വോട്ടേഴ്സ് ഐ.ഡി. കാർഡ് 2. ഡ്രൈവിംഗ് ലൈസൻസ് 3. പാസ്പോർട്ട് 4. പാൻകാർഡ് 5. സോഷ്യൽ വെൽഫെയർ വകുപ്പ് ഭിന്നശേഷിക്കാർക്ക് അനുവദിച്ച് നൽകുന്ന തിരിച്ചറിയൽ കാർഡ് 6. ദേശസാത്കൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് 7.ഗവ.ജീവനക്കാർക്ക് അതത് വകുപ്പ്/സ്ഥാപനം നൽകുന്ന തിരിച്ചറിയൽ കാർഡ് 8.കേന്ദ്രഗവൺമെന്റ് നൽകുന്ന ആധാർ കാർഡ്)**
- മേൽപ്പറഞ്ഞ രേഖകൾ അല്ലാതെ പരീക്ഷയ്ക്ക് സഹായകമായ മറ്റ് പേപ്പറുകൾ ഒന്നും തന്നെ പരീക്ഷാ ഹാളിൽ കൊണ്ടുവരാൻ പാടില്ല. .
- ഏതെങ്കിലും വിധത്തിൽ മോശമായി പെരുമാറുന്നവരെ അയോഗ്യരാക്കുകയും മറ്റ് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.
- പരീക്ഷാ സമയം കഴിയുന്നതിന് മുമ്പ് പരീക്ഷാർത്ഥികളെ ആരെയും പരീക്ഷാ ഹാളിൽ നിന്ന് പുറത്ത് വിടുന്നതല്ല.
- മൊബൈൽ ഫോൺ, കാൽക്കുലേറ്റർ, സ്മാർട്ട് വാച്ച്, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ പരീക്ഷാഹാളിൽ അനുവദിക്കുന്നതല്ല.

- ❖ പരീക്ഷാ ഹാളിൽ ഉള്ള ഇൻവിജിലേറ്ററുടെ സാന്നിദ്ധ്യത്തിൽ പരീക്ഷാർത്ഥി ഹാജർ ബുക്കിൽ ഒപ്പു വയ്ക്കേണ്ടതാണ്.
- ❖ ഹാൾടിക്കറ്റിൽ നിർദ്ദിഷ്ടസ്ഥാനത്ത് ഇൻവിജിലേറ്റർ ഒപ്പ് രേഖപ്പെടുത്തി എന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം അതത് പരീക്ഷാർത്ഥികൾക്കാണ്.

## 14. ചോദ്യപുസ്തകവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

ഓരോ ക്ലാസ് മുറികളിലും നാല് സെറ്റ് ആൽഫാകോഡ് ചോദ്യപുസ്തകങ്ങൾ വീതം (കോഡ് A,B,C,D) വിതരണം ചെയ്യുന്നതാണ്.

ഓരോ കാറ്റഗറിയിലും പരീക്ഷ എഴുതുന്നവർക്ക് പാർട്ട് 1, 2, & 3 എന്നിങ്ങനെ മൂന്ന് വ്യത്യസ്ത ഭാഗങ്ങൾ ഉണ്ട്. മൂന്ന് ഭാഗങ്ങൾക്കും ഒരേ സെറ്റ് ആൽഫാകോഡ് ചോദ്യപുസ്തകങ്ങളാണ് ലഭിച്ചിരിക്കുന്നത് എന്ന് പരീക്ഷാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം മൂല്യനിർണ്ണയത്തിൽ OMR ഷീറ്റ് അസാധുവാകും.

ചോദ്യപുസ്തകത്തിൽ എന്തെങ്കിലും തെറ്റ് കണ്ടെത്തിയാൽ ഉടൻ തന്നെ അത് ഇൻവിജിലേറ്ററെ അറിയിച്ച് മുൻപ് ലഭിച്ച അതേ സെറ്റ് കോഡ് ചോദ്യപുസ്തകം തന്നെ വാങ്ങി പരീക്ഷ എഴുതേണ്ടതാണ്.

ചോദ്യപുസ്തകം പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം പരീക്ഷാർത്ഥി ചോദ്യപുസ്തകത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ഭാഗത്ത് ഒപ്പിടേണ്ടതാണ്.

## 15. ഉത്തരക്കടലാസ് (OMR) സംബന്ധിച്ച നിർദ്ദേശങ്ങൾ

- ❖ ഉത്തരക്കടലാസ്സിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്.
- ❖ നീല/ കറുപ്പ് ബാൾ പോയിന്റ് പേന ഉപയോഗിച്ച് മാത്രമേ ഉത്തരങ്ങൾ രേഖപ്പെടുത്താവൂ.
- ❖ ഉത്തരക്കടലാസ് മടക്കാനോ എന്തെങ്കിലും റഫ് വർക്കുകൾ ചെയ്യാനോ പാടില്ല.
- ❖ പരീക്ഷാർത്ഥി തന്റെ പേര്, റോൾ നമ്പർ, ചോദ്യപുസ്തകത്തിന്റെ മുൻപേജിൽ കൊടുത്തിട്ടുള്ള ചോദ്യ സെറ്റിന്റെ കോഡ് (A,B,C,D) എന്നിവ ഉത്തരക്കടലാസ്സിൽ നിർദ്ദിഷ്ട സ്ഥലത്ത് പൂരിപ്പിക്കുകയും കൃത്യമായി ബബിൾ ചെയ്യേണ്ടതുമാണ്.
- ❖ കറുപ്പ്/നീല ബാൾ പേന ഉപയോഗിച്ച് പരീക്ഷാർത്ഥി തന്റെ ഒപ്പ് നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തുക.
- ❖ കറുപ്പ്/നീല ബാൾ പേന ഉപയോഗിച്ച് ഓവൽ/ സർക്കിൾ പൂർണ്ണമായും കറുപ്പിച്ച് ഉത്തരം രേഖപ്പെടുത്തുക.

- ❖ ഉത്തരക്കടലാസ്സിലെ ഒ.എം.ആർ ഭാഗത്ത് പാർട്ട് 1, 2, 3 വിഭാഗങ്ങൾ ഏതൊക്കെ വിഷയങ്ങളാണോ ഓൺലൈൻ അപേക്ഷസമർപ്പിച്ചപ്പോൾ തെരഞ്ഞെടുത്തിട്ടുള്ളത് അവ പേന ഉപയോഗിച്ച് OMR ഷീറ്റിൽ ബബിൾ ചെയ്ത് മാത്രം രേഖപ്പെടുത്തേണ്ടതാണ്. **ഓൺലൈൻ അപേക്ഷാസമർപ്പണസമയത്ത് തിരഞ്ഞെടുത്ത വിഷയങ്ങൾ മാത്രമേ പരീക്ഷാസമയത്തും തിരഞ്ഞെടുക്കാവൂ. അല്ലെങ്കിൽ OMR അസാധുവാകും.**

- ❖ ഒ.എം.ആർ ഷീറ്റിന്റെ കാർബൺ കോപ്പി പരീക്ഷാർത്ഥിക്കും ലഭ്യമാകും. എല്ലാ ഉത്തരങ്ങളും രേഖപ്പെടുത്തിയശേഷം ഒറിജിനൽ വേർപ്പെടുത്തി ഇൻവിജിലേറ്റർക്ക് നൽകുകയും കാർബൺ കോപ്പി സൂക്ഷിക്കേണ്ടതുമാണ്.

## 16. കെ-ടെറ്റ് പരീക്ഷയിൽ പരീക്ഷാർത്ഥിയുടെ OMR അസാധുവാകുന്നതിനുള്ള കാരണങ്ങൾ

1. റോൾ നമ്പർ കൃത്യമായി ബബിൾ ചെയ്യാത്ത ഒ.എം.ആർ. ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്.

2. A,B,C,D എന്നിങ്ങനെ നാല് സെറ്റ് ആൽഫാകോഡുകളിലാണ് ചോദ്യബുക്ക്ലെറ്റുകൾ നൽകുന്നത്. മൂന്ന് (Part1,II,III) പാർട്ടുകൾക്കും ഒരേ സെറ്റ് ആൽഫാകോഡിലെ ചോദ്യബുക്ക്ലെറ്റുകളാണ് ലഭിച്ചിരിക്കുന്നതെന്ന് ഓരോ പരീക്ഷാർത്ഥിയും ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ OMR ൽ നിശ്ചിതസ്ഥാനത്ത് (SET) ആൽഫാകോഡ് രേഖപ്പെടുത്തി ബബിൾ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം OMR അസാധുവാകും.

ഇത്തരത്തിൽ തെറ്റു വരുത്തി OMR അസാധുവാകുന്നതിന്മേൽ യാതൊരുവിധത്തിലുള്ള പരാതികളും അപേക്ഷകളും ഈ കാര്യാലയത്തിൽ പരിഗണിക്കുന്നതല്ല.

## ഓരോ കാറ്റഗറിയിലും OMR അസാധുവാകുന്നതിനുള്ള കാരണങ്ങൾ

### കാറ്റഗറി – 1

പാർട്ട് II, പാർട്ട് III –ലെ ഭാഷകൾ ഓൺലൈൻ അപേക്ഷയിൽ തിരഞ്ഞെടുത്തതു തന്നെയാവണം OMR ഷീറ്റിലെ "Choose any one" എന്ന കോളത്തിലും ബബിൾ ചെയ്യേണ്ടത്.

അല്ലാത്തപക്ഷം OMR അസാധുവാകും.

### കാറ്റഗറി – II

പാർട്ട് 1-ൽ മാത്തമറ്റിക്സ് & സയൻസ് അല്ലെങ്കിൽ സോഷ്യൽ സയൻസ്, ഓൺലൈൻ അപേക്ഷാ സമയത്ത് പരീക്ഷാർത്ഥിക്ക് തിരഞ്ഞെടുക്കാൻ കഴിയുന്നതല്ല. ഒരു ചോദ്യ

ബുക്ക്ലെറ്റിൽ തന്നെ മേൽ രണ്ട് വിഷയങ്ങളിലെ ചോദ്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരീക്ഷാർത്ഥിക്ക് അനുയോജ്യമായ വിഷയം OMR ഷീറ്റിൽ "Choose respective subject" എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന് താഴെ ഏതെങ്കിലും ഒരു വിഷയത്തിന് നേരെ (മാത്തമറ്റിക്സ് & സയൻസ് അല്ലെങ്കിൽ സോഷ്യൽ സയൻസ്) ബബിൾ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം OMR അസാധുവാകുന്നതാണ്.

പാർട്ട് II, പാർട്ട് III ഭാഷകൾ ഓൺലൈൻ അപേക്ഷയിൽ തിരഞ്ഞെടുത്തതു തന്നെ OMR ഷീറ്റിലെ "Choose any one" എന്ന കോളത്തിൽ ബബിൾ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം OMR അസാധുവാകും.

## <u>കാറ്റഗറി – III</u>

അപേക്ഷാസമർപ്പണ സമയത്ത് പരീക്ഷാർത്ഥി തിരഞ്ഞെടുത്ത വിഷയങ്ങൾ (പാർട്ട് II-ൽ ഒരു ഭാഷയും, പാർട്ട് III യിൽ അക്കാഡമിക് വിഷയവും) തന്നെ OMR ഷീറ്റിൽ ബബിൾ ചെയ്ത് മാർക്ക് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം OMR അസാധുവാകും.

## <u>കാറ്റഗറി – IV</u>

പാർട്ട് II-ൽ ഒരു ഭാഷയും, പാർട്ട് III യിൽ പരീക്ഷാർത്ഥിയുടെ സ്പെഷ്യൽ വിഷയവും (ഓൺലൈൻ അപേക്ഷയിൽ തിരഞ്ഞെടുത്തതുതന്നെ) പരീക്ഷാസമയത്തും OMR ഷീറ്റിൽ ബബിൾ ചെയ്ത് മാർക്ക് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം OMR അസാധുവാകും.

## 17. മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും

ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കൃത ഒ.എം.ആർ (ഓപ്റ്റിക്കൽ മാർക്ക് റീഡർ) രീതിയിലാണ്. പരീക്ഷ കഴിഞ്ഞാലുടൻതന്നെ എല്ലാ ചോദ്യപേപ്പറുകളുടെയും താൽക്കാലിക ഉത്തര സൂചിക പരീക്ഷാഭവന്റെ കെ-ടെറ്റ് പരീക്ഷയ്ക്കായുള്ള ഔദ്യോഗിക വെബ്സൈറ്റായ https://ktet.kerala.gov.in ൽ പ്രസിദ്ധീകരിക്കുന്നതാണ്. താൽക്കാലിക ഉത്തര സൂചികയെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അത് ഉത്തരസൂചിക പ്രസിദ്ധീകരിച്ചശേഷമുള്ള നിശ്ചിത ദിവസത്തിനുള്ളിൽ (പ്രവർത്തിദിവസങ്ങൾ), സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്. പരാതിയ്ക്ക് ആധാരമായ മതിയായ തെളിവുകൾ ഹാജരാക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ലഭിക്കുന്ന പരാതികൾ പരീക്ഷാഭവൻ സെക്രട്ടറി രൂപീകരിച്ചിട്ടുള്ള ഒരു വിദഗ്ധ സമിതിയുടെ തീരുമാനത്തിന് വിടുന്നതാണ്. സമിതിയുടെ തീരുമാനം അന്തിമം ആയിരിക്കും. **<u>നിശ്ചിത പ്രവൃത്തി ദിവസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.</u>**

വിദഗ്ധ സമിതി ശുപാർശ ചെയ്യുന്ന തെറ്റായ ചോദ്യങ്ങളും, കൃത്യമായ ഉത്തരങ്ങളില്ലാത്ത ചോദ്യങ്ങളും മൂല്യനിർണ്ണയത്തിൽ നിന്നും പരീക്ഷാ കമ്മീഷണർ ഒഴിവാക്കുന്നതാണ്. ഒഴിവാക്കുന്ന ചോദ്യങ്ങളുടെ മാർക്കും മൂല്യനിർണ്ണയത്തിൽ നിന്ന് ഒഴിവാക്കി Rectified Answer Key പ്രസിദ്ധീകരിക്കുന്നതായിരിക്കും. Rectified Answer Key യുടെ അടിസ്ഥാനത്തിലാണ് കെ.ടെറ്റ് ഒ.എം.ആർ. ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുക. **കെ.ടെറ്റ് പരീക്ഷ പൂർത്തിയായി രണ്ട് മാസത്തിനുള്ളിൽ മാത്രമേ ഫലപ്രഖ്യാപനം നടത്തുകയുള്ളൂ. യാതൊരുവിധ സാഹചര്യത്തിലും ഫലപ്രഖ്യാപന തീയതിയിൽ മാറ്റം വരുത്തുന്നതല്ല**. ഇത്തരത്തിൽ കുറ്റമറ്റ രീതിയിൽ മൂല്യനിർണ്ണയം നടക്കുന്നതിനാൽ പുനർമൂല്യനിർണ്ണയത്തിനോ, ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കോ മാർക്ക് വീണ്ടും കൂട്ടിനോക്കുന്നതിനോ ഉള്ള അവസരം പരീക്ഷാർത്ഥിക്ക് ഉണ്ടായിരിക്കുന്നതല്ല. പരീക്ഷാ സമയത്ത് തന്നെ ഒ.എം.ആർ-ന്റെ കാൻഡിഡേറ്റ് കോപ്പി ലഭിക്കുന്നതിനാൽ റിസൾട്ട് പ്രഖ്യാപനത്തിനുശേഷം ഈ കാര്യാലയത്തിൽ നിന്ന് ഒറിജിനൽ ഒ.എം.ആറിന്റെ ഫോട്ടോകോപ്പി പരീക്ഷാർത്ഥിക്ക് ലഭിക്കുന്നതല്ല.

## 18. സഹായിയെ (സ്ക്രൈബിനെ) ആവശ്യമുള്ള അപേക്ഷകർ

**സ്ക്രൈബിനെ ആവശ്യമുള്ള അപേക്ഷകർക്കുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.**

1. 40 ശതമാനമോ അതിൽ കൂടുതലോ അന്ധത ബാധിച്ച അപേക്ഷകർക്ക് പരീക്ഷ എഴുതാൻ സഹായിയെ ആവശ്യമുണ്ടെങ്കിൽ ഹാൾടിക്കറ്റ് ലഭിച്ചതിനുശേഷം അതിന്റെ പകർപ്പും മെഡിക്കൽ ബോർഡിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പും ആയതിന്റെ രണ്ട് കോപ്പികളും സഹിതം പരീക്ഷാകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകുക. പരീക്ഷാ തീയതിയ്ക്ക് 5 ദിവസം മുൻപ് അത്തരത്തിലുള്ള അപേക്ഷ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിരിക്കണം.
2. 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യങ്ങളുള്ള അപേക്ഷാർത്ഥികൾ അവർ ആവശ്യപ്പെടുന്ന പക്ഷം സ്ക്രൈബ്/അധിക സമയം അല്ലെങ്കിൽ രണ്ടും കൂടിയും മതിയായ രേഖകൾ പരിശോധിച്ച് അനുവദിച്ചു നൽകാവുന്നതാണ്.
3. 4/11/17-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ് നം. ഐ.ഇ.ഡി/61100/17/ഡിപിഐ പ്രകാരം കാഴ്ച പരിമിതിയുള്ള പരീക്ഷാർത്ഥികൾക്ക് സ്ക്രൈബിനെ കണ്ടെത്തി നൽകുന്നതിനുള്ള പൂർണ്ണ ചുമതല അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. അറബിഭാഷയിൽ പരീക്ഷയെഴുതുന്ന പരീക്ഷാർത്ഥികൾക്ക് അറബിഭാഷ എഴുതാൻ കഴിയുന്നവരെ തന്നെ സ്ക്രൈബായി നൽകേണ്ടതാണ്. സംസ്ഥാന സിലബസ്സിൽ ഹയർ സെക്കന്ററി തലത്തിൽ (Government, Aided, Recognized schools) രണ്ടാംവർഷം പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികളെയായിരിക്കണം സ്ക്രൈബായി തിരഞ്ഞെടുക്കേണ്ടത്.

അർഹരായ അപേക്ഷകർക്ക് സഹായിയെ അനുവദിച്ചുകൊണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഈ ഉത്തരവിന്റെ പകർപ്പും, അപേക്ഷയുടെ പകർപ്പും അനുബന്ധ രേഖകളും സഹിതം ഡെപ്യൂട്ടി ഡയറക്ടർ,

ഐ.ഇ.ഡി സെൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം എന്ന വിലാസത്തിൽ നൽകേണ്ടതും, അപേക്ഷകന്റെ യോഗ്യത ഉറപ്പ് വരുത്തേണ്ടതുമാണ്. സഹായികൾക്ക് 150/- രൂപ വച്ച് പ്രതിഫലം ലഭിക്കുന്നതാണ്.

1. ഇത്തരം അപേക്ഷകർക്ക് ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിന് ഓരോ മണിക്കൂറിനും 20 മിനിട്ട് എന്ന ക്രമത്തിൽ അധികസമയം അനുവദിക്കുന്നതാണ്.
2. 40% ൽ കൂടുതൽ വൈകല്യം ഉണ്ട് എന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് 10% മാർക്കിളവ് അനുവദിക്കുന്നതാണ്.

## 19. പൊതുനിർദ്ദേശങ്ങൾ

- ഒരു അപേക്ഷകൻ ഒന്നിലധികം ജില്ലകളിൽ പരീക്ഷയ്ക്ക് അപേക്ഷിച്ചാൽ അപേക്ഷ നിരുപാധികം നിരസിക്കുന്നതും പരീക്ഷ എഴുതാനുള്ള അവസരം നഷ്ടമാകുന്നതും ആണ്.
- അപേക്ഷകൻ ഏതെങ്കിലും വിവരങ്ങൾ മറച്ച് വയ്ക്കുകയോ തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്താൽ അപേക്ഷ നിരസിക്കുന്നതാണ്.
- പരീക്ഷ സംബന്ധിച്ച് പരീക്ഷാ കമ്മീഷണർക്കുവേണ്ടി പരീക്ഷാസെക്രട്ടറി പുറപ്പെടുവിക്കുന്ന ചട്ടങ്ങളും നിയന്ത്രണങ്ങളും കർശനമായും പാലിക്കേണ്ടതാണ്.
- അപേക്ഷകർ വിജ്ഞാപനം പൂർണ്ണമായും വായിച്ച് കെ-ടെറ്റിന് അപേക്ഷിക്കുന്നതിന് മതിയായ യോഗ്യത ഉണ്ടെന്ന് ഉറപ്പാക്കിയ ശേഷം മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും പിന്നീട് ഉന്നയിക്കുന്ന പരാതികളും അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
- അപേക്ഷ സമർപ്പിക്കുന്നത് മുന്നോടിയായി നൽകിയ വിവരങ്ങൾ പൂർണ്ണമായും പരിശോധിച്ച് അപാകതകളില്ല എന്ന് ഉറപ്പാക്കിയ ശേഷം മാത്രം ഫൈനൽ സബ്മിഷൻ നടത്തേണ്ടതാണ്.
- വിജ്ഞാപനപ്രകാരം നിഷ്ക്കർഷിക്കപ്പെട്ട രീതിയിലുള്ള ഫോട്ടോ മാത്രം അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.
- കേരളത്തിന് പുറത്ത് നിന്നും വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ നടത്തുന്ന സർട്ടിഫിക്കറ്റ് പരിശോധനാവേളയിൽ Genuineness Certificate, Equivalency Certificate എന്നിവ ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

- **അപേക്ഷകർ 05/11/2024-ലെ സർക്കാർ ഉത്തരവ്(കൈ) നം.133/2024/ പൊ.വി.വ. സർക്കാർ ഉത്തരവിൻ പ്രകാരം പരീക്ഷ എഴുതുന്നതിന് യോഗ്യരാണോ എന്ന വിവരം അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്. ആയതിലേയ്ക്കായി അപേക്ഷകർ വിജ്ഞാപനത്തിൽ സൂചിപിച്ചിട്ടുള്ള തീയതിയിൽ അതാത് ജില്ലാ വിദ്യാഭ്യാസ**

<u>ഓഫീസുകളിൽ ഹാജരാകേണ്ടതാണ്. സർവ്വീസിലുള്ള അദ്ധ്യാപകർക്ക് മാത്രമായുള്ള പ്രത്യേക വിജ്ഞാപനം ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ നടത്തുന്ന പരിശോധനയ്ക്കായി നിശ്ചിത തീയതിക്കുള്ളിൽ ഹാജരാകാത്തവർക്കും, 05/11/2024-ലെ സ.ഉ (കൈ) നം.133/2024/ പൊ.വി.വ.നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരമുള്ള വിഭാഗം അദ്ധ്യാപകരിൽ ഉൾപ്പെടാത്തവർക്കും ഹാൾടിക്കറ്റ് അനുവദിക്കുന്നതല്ല.</u>

## 20. സർട്ടിഫിക്കറ്റ് വിതരണം

യോഗ്യത നേടിയതായി പ്രഖ്യാപിക്കപ്പെടുന്നവർക്കുള്ള കെ-ടെറ്റ് സർട്ടിഫിക്കറ്റ് കേരള സർക്കാരിന് വേണ്ടി പരീക്ഷാസെക്രട്ടറി നൽകുന്നതാണ്.

*<u>അപേക്ഷ സമർപ്പിക്കുന്ന സമയത്ത് വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള അപേക്ഷിക്കുവാനുള്ള കുറഞ്ഞ യോഗ്യത നേടിയിട്ടുള്ളവർക്ക് മാത്രമേ കെ-ടെറ്റ് വിജയിച്ച സർട്ടിഫിക്കറ്റ് ലഭ്യമാവുകയുള്ളൂ.</u>*

കെ-ടെറ്റ് വിജയിച്ച സർട്ടിഫിക്കറ്റ് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് കൈപ്പറ്റാൻ വൈകിയാൽ സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. പരീക്ഷാർത്ഥിയുടെ അപേക്ഷ പ്രകാരം, നിശ്ചിത തുക പിഴ ഈടാക്കികൊണ്ട് സർട്ടിഫിക്കറ്റ് വിതരണം നടത്താവുന്നതാണ്. <u>(24-08-2016-ലെ സർക്കാർ</u> ഉത്തരവ് നമ്പർ 3258/14/പൊ.വി.വ.)

| | | |
|---|---|---|
| 3 മാസത്തിന് ശേഷം | – | 100/- രൂപ |
| 6 മാസത്തിന് ശേഷം | – | 300/- രൂപ |
| ഒരു വർഷത്തിന് ശേഷം | – | 500/- രൂപ |

ഇത്തരത്തിൽ ലഭ്യമാകുന്ന തുക സെക്രട്ടറി, പരീക്ഷാഭവൻ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി നൽകാവുന്നതാണ്.

## 21. പ്രത്യേക വ്യവസ്ഥകൾ

1. പരീക്ഷയുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിന് വേണ്ടി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അംഗീകാരത്തോടെ പരീക്ഷാസെക്രട്ടറിയാണ് പരീക്ഷ സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്. പരീക്ഷാർത്ഥികൾക്ക് റോൾ നമ്പർ/രജിസ്ട്രേഷൻ നമ്പർ നൽകുന്ന രീതി തീരുമാനിക്കുക, പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുക, ഇൻവിജിലേറ്റർമാരെ നിയമിക്കുക, പരീക്ഷാകേന്ദ്ര നിരീക്ഷണം നടത്തുക, പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടവർക്കുള്ള പ്രതിഫലം നൽകുക, ചോദ്യപേപ്പർ തയ്യാറാക്കുക, റിസൾട്ട് പ്രഖ്യാപനം നടത്തുക, സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുക, അതൃപ്തികരമായി പ്രവർത്തിക്കുന്നവർക്ക് ശിക്ഷ നൽകുക തുടങ്ങി എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത് പരീക്ഷാസെക്രട്ടറിയുടെ മേൽ നോട്ടത്തിലാണ്.

ചോദ്യപേപ്പർ സെറ്റ് ചെയ്യുക, അച്ചടിക്കുക, രഹസ്യസ്വഭാവമുള്ള അച്ചടിക്കാരെ തെരഞ്ഞെടുക്കുക, പ്രതിഫലം നൽകുക, പേപ്പർ സെറ്റ് ചെയ്യുന്നവരെ നിയമിക്കുക മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുക എന്നിവ അതീവ രഹസ്യമായിട്ടാണ് ചെയ്യുന്നത്. ആർക്കും ഇത് സംബന്ധിച്ച യാതൊരു രേഖകളും ലഭ്യമാകുന്നതല്ല.

## 22. വ്യാഖ്യാനം

വിജ്ഞാപനത്തിൽ നിയതമായി ഉൾക്കൊള്ളിക്കാത്ത ഏതെങ്കിലും സൂചനകളിലോ നിർദ്ദേശങ്ങളുടെ വ്യവസ്ഥകളിലോ എന്തെങ്കിലും വ്യാഖ്യാനത്തിന്റെ ആവശ്യം വന്നാൽ കേരള സർക്കാർ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ തീരുമാനം അന്തിമം ആയിരിക്കും.

## 23. ന്യായാധികാരം

കെ-ടെറ്റുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങൾ ഉണ്ടായാൽ തീർപ്പാക്കാനുള്ള അധികാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിക്ഷിപ്തമാണ്.

**കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലോ പരീക്ഷ കമ്മീഷണർ തലത്തിലോ ഉണ്ടാകുന്ന പുതിയ ഉത്തരവുകൾക്കനുസരിച്ച് നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് മാറ്റം ഉണ്ടാകാവുന്നതാണ്.**


## 24. സഹായകേന്ദ്രം (ഹെൽപ്പ് ഡെസ്ക്)

കെ-ടെറ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യേകം ഫോൺ സംവിധാനങ്ങളോട് കൂടിയ സഹായ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കെ-ടെറ്റ് മെയ് 2025-ന്റെ സമയ വിവരപട്ടികയുമായി ബന്ധപ്പെട്ട വിവരങ്ങൾ പരീക്ഷാഭവൻ സെക്രട്ടറി പത്ര ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പൊതു ജനങ്ങളെ അറിയിക്കുന്നതാണ്.

അപേക്ഷാർത്ഥികൾക്ക് താഴെ കാണുന്ന ഫോൺ നമ്പറുകളിൽ വിളിച്ച് സംശയങ്ങൾ ദൂരീകരിക്കാവുന്നതാണ്.

**സാങ്കേതികവിവരങ്ങൾക്ക്-0471-2546832,0471-2546833 ഇ-മെയിൽ-ktet.helpdesk@gmail.com**

**പൊതുവിവരങ്ങൾക്ക്-0471-2546800, 0471-2546823 ഇ-മെയിൽ- pareekshabhavancgl@gmail.com**



**പരീക്ഷാ കമ്മീഷണർ**

(Photograph to be attested by the Head of Institution)

No……………………….
Date…………………….

**IDENTIFICATION CERTIFICATE**

This is to certify that Sri/Smt…………………………….. …………………………………………………. (Name & Designation) ……………………………………………………………………………… ………………………………………….. (Name of School & School Code) has been regularly/temporarily working in this institution since ………………. (Date of Joining in Service) and eligible to apply for K-TET May 2025 vide GO(P) No. 133/2024/ G.Edn, dated 05/11/2024.

Signed by,

HEADMASTER

MANAGER
(In case of Aided School Teachers)